**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ – സംഗ്രഹം**
**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2007 ജൂലായ് 10, ചൊവ്വ

നിയമസഭ രാവിലെ 8.30- ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിരപ്രമേയം

പേരാമ്പ്ര ഇൻഡ്യൻ യൂണിയൻ മുസ്ളീം ലീഗ് ഓഫീസിനു
നേരെയുണ്ടായ അക്രമം

മി. സ്പീക്കർ: കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിൽ ഉള്ളേ്യരി റോഡിൽ സ്ഥിതി ചെയ്യുന്ന ഇൻഡ്യൻ യൂണിയൻ മുസ്ളീം ലീഗ് ഓഫീസ് ഏതാനും അക്രമികൾ കല്ലെറിഞ്ഞ് തകർത്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അബ്ദുറഹിമാൻ രണ്ടത്താണി, എ.പി. അനിൽകുമാർ, തോമസ് ഉണ്ണിയാടൻ, കെ.ബി. ഗണേഷ്കുമാർ, കെ.കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കോഴിക്കോട് പേരാമ്പ്ര പോലീസ്സ്റ്റേഷൻ

അതിർത്തിയിൽപ്പെട്ട കക്കാടുള്ള ഇൻഡ്യൻ യൂണിയൻ മുസ്ളീം ലീഗ് ഓഫീസിനു നേരെ 09-07-2007 പുലർച്ചെ ഉണ്ടായ കല്ലേറിൽ ജന്നൽച്ചില്ലുകളും മറ്റും തകർന്നതിന്റെ ഫലമായി സുമാർ 15000 രൂപയുടെ നഷ്ടമുണ്ടായിട്ടുള്ളതായി മുസ്ളിം ലീഗ് കക്കാട് ശാഖാ സെക്രട്ടറി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പേരാമ്പ്ര പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്ത് കുറ്റ്യാടി സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം നടത്തിവരികയാണ്. ആക്രമണസമയത്ത് ഓഫീസിൽ ആരുമുണ്ടായിരുന്നില്ലെന്നും അക്രമികളാരും ഓഫീസിനകത്ത് കയറിയിരുന്നില്ലെന്നുമാണ് റിപ്പോർട്ട്. പ്രതികളെക്കുറിച്ചുള്ള സൂചനകളൊന്നും ലഭ്യമായിട്ടില്ല. പ്രതികളെ എത്രയും പെട്ടെന്ന് അറസ്റ്റ് ചെയ്യണമെന്ന് പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:</u> കോഴിക്കോട് ജില്ലയിൽ പേരാമ്പ്രയിലെ കക്കാട് സ്ഥിതി ചെയ്യുന്ന ഇൻഡ്യൻ യൂണിയൻ മുസ്ളീം ലീഗിന്റെ ഓഫീസ് ഇന്നലെ പുലർച്ചെ കല്ലെറിഞ്ഞ് തകർത്തു. കെട്ടിടത്തിന്റെ താഴത്തെ നില ഷട്ടറിട്ട് പൂട്ടിയിരുന്നതിനാൽ ഓഫീസ് പൂർണ്ണമായി തകർന്നില്ല. കോഴിക്കോട് മാതൃഭൂമി ഓഫീസ് തകർത്ത സംഭവത്തിനെതിരെ പ്രതിഷേധിച്ചതിന്റെ പേരിൽ കോൺഗ്രസ്സ് പാർട്ടി ആഫീസ് തകർക്കപ്പെടുകയും ലീഗിന്റെ ജാഥയ്ക്കുനേരെ കല്ലേറുണ്ടാകുകയും ചെയ്തു. അതിനുശേഷമാണ് ഇപ്പോൾ മുസ്ലീം ലീഗിന്റെ ഓഫീസിനുനേരെ അക്രമം ഉണ്ടായിട്ടുള്ളത്. മാതൃഭൂമി ഓഫീസ് തകർത്ത സംഭവത്തിനുശേഷം ഈ മേഖലയിൽ ക്രമസമാധാനം പുന:സ്ഥാപിക്കപ്പെട്ടിട്ടില്ല. ഭരണഘടനാപരമായ അവകാശങ്ങൾ നിഷേധിക്കപ്പെടാത്തവിധത്തിൽ

രാഷ്ട്രീയ പാർട്ടികളുടെയും പത്രസ്ഥാപനങ്ങളുടെയും പ്രവർത്തന സ്വാതന്ത്ര്യം ഉറപ്പാക്കണം. കുറ്റ്യാടി പോലീസ് സ്റ്റേഷനിൽ ഒരു സി.ഐ. ഇല്ല; സ്ഥലം എസ്.ഐ. സി.പി.ഐ.(എം) പാർട്ടിയിലുള്ള ഒരാളുടെ ബന്ധുവാണ്. സംഘർഷാവസ്ഥ നിറഞ്ഞ പ്രസ്തുത പ്രദേശത്തെ ആളുകൾ വിഭ്രാന്തിയിലാണ് കഴിയുന്നത്. ഗുരുതരമായ ഈ വിഷയത്തെ സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സംസ്ഥാനത്തെ എല്ലാ രാഷ്ട്രീയപാർട്ടി ഓഫീസുകൾക്കും സുരക്ഷിതത്വം വേണമെന്ന കാര്യം പ്രസക്തമാണ്. മേൽപ്പറഞ്ഞ സംഭവം നടന്ന സ്ഥലം പേരാമ്പ്ര ടൗണിൽ നിന്ന് മാറിയാണ്. ഈ വിഷയം സർക്കാർ ഗൗരവപൂർവ്വമായിത്തന്നെ കാണുന്നുണ്ട്. ഇതു സംബന്ധിച്ച് അന്വേഷണം നടക്കുന്നുണ്ട്. ഇതുപോലുള്ള രണ്ടുമൂന്നു സംഭവങ്ങൾ നടന്നിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് ചെറിയ പ്രശ്നം നിലനിൽക്കുന്നുണ്ട്. കണ്ണൂർ ഐ.ജി. ഇന്നുതന്നെ സംഭവസ്ഥലം സന്ദർശിക്കുന്നതാണ്. സി.ഐ. ആയി ശ്രീ. മാത്യു രാജ് ഇന്നു തന്നെ അവിടെ ചാർജ്ജെടുക്കുന്നതാണ്. രാഷ്ട്രീയ പരിഗണന വച്ച് പോലീസ് ഉദ്യോഗസ്ഥരെ വേർതിരിക്കുന്നത് ശരിയല്ല. കോഴിക്കോട് ഉണ്ടായ മൂന്ന് സംഭവങ്ങളെക്കുറിച്ചും വടകര ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് അന്വേഷണം നടത്തുന്നതാണ്. ഇവിടെ സൂചിപ്പിച്ചതുപോലെയുള്ള സംഘർഷാവസ്ഥയോ സംഭ്രമജനകമായ അവസ്ഥാവിശേഷമോ അവിടെ നിലനിൽക്കുന്നില്ല. കോഴിക്കോട് ആർ.ഡി.ഒ.യുടെ നേതൃത്വത്തിൽ ഒരു സർവ്വകക്ഷി യോഗം പേരാമ്പ്രയിൽ സംഘടിപ്പിച്ചിട്ടുണ്ട്. അവിടെ ഐ.ജി.യുടെ നേതൃത്വത്തിൽ ആവശ്യമായ ക്രമീകരണം ഉണ്ടാക്കുന്നതാണ്.

അതുകൊണ്ട് സഭാനടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, സി.ടി. അഹമ്മദ് അലി, തോമസ് ചാഴികാടൻ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൻമാർ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോവുകയും അൽപ്പ സമയത്തിനുശേഷം വീണ്ടും ഹാജരാവുകയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) ബഹുരാഷ്ട്ര കുത്തകകൾ കടന്നുവരുന്നതുമൂലം പൊതുവിതരണ രംഗത്തുണ്ടാകാവുന്ന പ്രശ്നങ്ങൾ

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: ബഹുരാഷ്ട്ര കുത്തകകളുടേയും സ്വദേശ വൻകിട മുതലാളിമാരുടേയും ചില്ലറ വ്യാപാര രംഗത്തേയ്ക്കുള്ള കടന്നുകയറ്റംമൂലം കേരളത്തിലെ പൊതുവിതരണ ശൃംഖല ഗുരുതര പ്രശ്നങ്ങൾ നേരിടുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയസമീപനങ്ങളാണ് ഇതിന് സഹായകമായിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റ് എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് മരവിപ്പിക്കുകയും ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് ആക്ട് ഭേദഗതി ചെയ്തതുംമൂലം 220-ഓളം ബഹുരാഷ്ട്ര കുത്തക കമ്പനികൾക്ക് ചില്ലറ വ്യാപാര രംഗത്തേയ്ക്ക് പ്രവേശിക്കാൻ സഹായകരമായിത്തീർന്നു. ഈ കുത്തകകൾ വിശാലമായ ഗോഡൗൺ ഉണ്ടാക്കുകയും വിത്ത് വിതയ്ക്കുമ്പോൾത്തന്നെ കരാർ

ഉണ്ടാക്കി സാധനങ്ങൾ ശേഖരിക്കാനും കോൺട്രാക്ട് ഫാമിംഗിലൂടെ കർഷകരുടെയിടയിലേയ്ക്ക് കടന്നുചെല്ലാനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. കർഷകരെ വഞ്ചിക്കുന്ന നടപടിയാണിത്. ഇത് വിലക്കയറ്റം നിയന്ത്രിക്കാൻ ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികളെ തകർക്കുന്നതാണ്. കേരളത്തിൽ ഒരു കാരണവശാലും ഇത്തരം കുത്തക കമ്പനികൾ അനുവദിക്കാൻ പാടില്ല. കേന്ദ്ര ഗവൺമെന്റിന്റെ ഇത്തരം നയസമീപനങ്ങൾ തിരുത്താൻ കഴിയുംവിധം മുഖ്യമന്ത്രിയും ഭക്ഷ്യ വകുപ്പുമന്ത്രിയും ആവശ്യമായ സമ്മർദ്ദം ചെലുത്തണം.

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. സി. ദിവാകരൻ)</u> : വിദേശ-സ്വദേശ വൻകിട കുത്തക കമ്പനികൾ കേരളത്തിലെ വ്യാപാര മേഖലയും പൊതുവിതരണ രംഗവും കയ്യടക്കുന്നതുമൂലം സംജാതമാകുന്ന ഗുരുതരമായ പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാർഷികവിളകൾ ഉൽപ്പാദനകേന്ദ്രങ്ങളിൽവച്ചുതന്നെ മൊത്തമായി വിലയ്ക്കുവാങ്ങി സംഭരിക്കാനുള്ള കുത്തക കമ്പനിക്കാരുടെ ശ്രമം കേരളത്തിലെ ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് വാങ്ങാൻ കഴിയാത്ത സാഹചര്യമുണ്ടാക്കുകയും ചെറുകിട വ്യാപാരികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന അവസ്ഥ സംജാതമാക്കുകയും ചെയ്യാനിടയുണ്ട്. കുത്തക കമ്പനികൾ സംസ്ഥാനത്ത് റീട്ടെയിൽ രംഗത്ത് പ്രവേശിച്ച് മൂന്ന് വ്യാപാര സ്ഥാപനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കേന്ദ്ര ഗവൺമെന്റ് അവശ്യ സാധന സംരക്ഷണ നിയമം മരവിപ്പിച്ചതുമൂലം വൻകിട കുത്തക കമ്പനികൾ അവശ്യ സാധനങ്ങൾ അമിതമായി ശേഖരിച്ചുവച്ച് സാധനങ്ങളുടെ ലഭ്യത കുറയ്ക്കുന്നത് കമ്പോളം നിയന്ത്രണത്തിലാക്കി ചെറുകിട കച്ചവടക്കാരെ

ഉന്മൂലനം ചെയ്യാനും വിലക്കയറ്റം ഉണ്ടാക്കി ഗുണഭോക്താക്കളെ ചൂഷണം ചെയ്യാനും ഇടയാക്കും. ഇക്കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെയും കേന്ദ്ര പാർലമെന്ററി കമ്മിറ്റിയുടേയും ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഫലമായി ഗോതമ്പിന്റെയും പയറുവർഗ്ഗങ്ങളുടേയും മൊത്ത/ചില്ലറ വ്യാപാരികളുടെ സ്റ്റോക്കിന്റെ പരിധി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ഇതിനെതിരെ പ്രവർത്തിക്കുന്നവരുടെ പേരിൽ അവശ്യ സാധന സംരക്ഷണ നിയമപ്രകാരം ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തി, ഗുണനിലവാരമുള്ള സാധനങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും ലഭ്യമാക്കി, ചില്ലറ വ്യാപാര രംഗത്തേയ്ക്ക് വരുന്ന ബഹുരാഷ്ട്രകുത്തകകളെ ചെറുത്തുനിൽക്കാൻ സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി കുത്തക കമ്പനികളെ നിയന്ത്രിക്കാൻ പര്യാപ്തമായ നടപടി സ്വീകരിച്ചുകഴിഞ്ഞു. വേണ്ടിവന്നാൽ ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിനെക്കുറിച്ചും പരിശോധിക്കുന്നതാണ്. ഇത്തരം കമ്പനികൾക്ക് ലൈസൻസ് നൽകരുതെന്ന് നിർദ്ദേശം കൊടുക്കുന്നതാണ്.

## (2) <u>സർവ്വകലാശാലകളിലെ രാഷ്ട്രീയവൽക്കരണം</u>

<u>ശ്രീ. കെ. സുധാകരൻ</u> : സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരണത്തിലൂടെ വിദ്യാഭ്യാസ മേഖലയിലെ സ്വതന്ത്ര പര്യവേഷം നഷ്ടമായിരിക്കുകയാണ്. മറ്റ് സംസ്ഥാനങ്ങളിലെ ഉന്നത വിദ്യാഭ്യാസ കൗൺസിലുകളുടെ ഘടനയ്ക്കും പശ്ചാത്തലത്തിനും വിരുദ്ധമായിട്ടാണ് കേരളത്തിൽ ഈ കൗൺസിൽ രൂപീകരിച്ചിട്ടുള്ളത്. കൂടുതൽ രാഷ്ട്രീയക്കാരെ കുത്തിത്തിരുകി എല്ലാ യൂണിവേഴ്സിറ്റികളുടേയും നിയന്ത്രണം കയ്യടക്കിക്കൊണ്ടുള്ള തെറ്റായ സമീപനമാണ് ഇക്കാര്യത്തിൽ

സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സ്വതന്ത്രമായ പ്രവർത്തനത്തിൽ കൈകടത്തുന്ന ഈ നടപടി അവസാനിപ്പിച്ച് കേരളത്തിലെ സർവ്വകലാശാലകൾക്ക് കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള സാഹചര്യമുണ്ടാക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി): അഡ്വൈസറി കൗൺസിൽ, ഗവേണിംഗ് കൗൺസിൽ, എക്സിക്യൂട്ടീവ് എന്നിവ ചേർന്നതാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനങ്ങൾക്ക് നല്ല നിലയിൽ ഉപദേശ നിർദ്ദേശങ്ങൾ കൊടുത്തുകൊണ്ട് അതിന്റെ പ്രവർത്തനത്തെ ശക്തിപ്പെടുത്താനും ശരിയായ ദിശയിൽ നയിക്കാനും സഹായിക്കുക മാത്രമാണ് അഡ്വൈസറി കൗൺസിൽ ചെയ്യുന്നത്. ഈ കൗൺസിലിൽ ജനപ്രതിനിധികളും എല്ലാ പഞ്ചായത്തുകളേയും പ്രതിനിധാനം ചെയ്തുകൊണ്ട് ഒരു ഗ്രാമ പഞ്ചായത്ത് പ്രസിഡന്റും എല്ലാ ബ്ലോക്ക് പഞ്ചായത്തിനേയും മുനിസിപ്പാലിറ്റിയേയും ജില്ലാ പഞ്ചായത്തിനേയും പ്രതിനിധീകരിച്ച് ഒരാൾ വീതവും കേർപ്പറേഷൻ മേയർമാരെ പ്രതിനിധീകരിച്ച് ഒരാളുമുണ്ട്. ജനാധിപത്യ സ്വഭാവമുള്ള ഒരു ഉപദേശക സമിതിയാണിത്.

## സബ്മിഷൻ

(1) എയിഡഡ്/അൺ എയിഡഡ് സ്കൂളുകൾ പി. എസ്. സി പരീക്ഷാ കേന്ദ്രങ്ങളാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എം. കെ. പ്രേംനാഥ്: പരീക്ഷ എഴുതുന്നതിന് ഉദ്യോഗാർത്ഥികൾ വളരെ ദൂരം സഞ്ചരിക്കേണ്ടിവരുന്നത് ഒഴിവാക്കാൻ സംസ്ഥാനത്തെ

എയിഡഡ്/അൺ എയിഡഡ് സ്കൂളുകളിൽക്കൂടി കെ. പി. എസ്. സി പരീക്ഷാ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): കേരള പബ്ളിക് സർവീസ് കമ്മിഷൻ വിവിധ തസ്തികകളിലേയ്ക്ക് നിയമനത്തിനായി നടത്തുന്ന പരീക്ഷകളുടെ പരീക്ഷാ കേന്ദ്രങ്ങളായി സർക്കാർ സ്കൂളുകൾ, കോളേജുകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയെയാണ് തെരഞ്ഞെടുക്കുന്നതെങ്കിലും പരീക്ഷാകേന്ദ്രങ്ങളായി പ്രവർത്തിക്കുന്നതിന് ചില വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിസമ്മതിക്കുന്ന സാഹചര്യത്തിൽ മുഴുവൻ സർക്കാർ എയിഡഡ് അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളും കെ. പി. എസ്. സി. പരീക്ഷാ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നതിന് വിട്ടുകൊടുക്കണമെന്ന് എല്ലാ വിദ്യാഭ്യാസ ഡയറക്ടർമാർക്കും സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. അൺ എയിഡഡ് സ്കൂളുകൾ, കോളേജുകൾ എന്നിവയെ പി.എസ്.സി. പരീക്ഷാ കേന്ദ്രങ്ങളായി തെരഞ്ഞെടുക്കുന്നതിനെ സംബന്ധിച്ച് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരുമായി കെ. പി. എസ്. സി. ചർച്ച നടത്തിവരുന്നു.

### (2) തൃശൂർ ജില്ലാ ആശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: തൃശൂർ മെഡിക്കൽ കോളേജ് മുളങ്കുന്നത്തുകാവിലേയ്ക്ക് മാറ്റിയതോടുകൂടി തൃശൂർ ജില്ലാ ആശുപത്രിയും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും പൂർണ്ണമായും പുന:സ്ഥാപിക്കപ്പെടുമെന്നാണ് പ്രതീക്ഷിച്ചതെങ്കിലും ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും അപര്യാപ്തതമൂലം പല ഡിപ്പാർട്ടുമെന്റുകളും പ്രവർത്ത

നക്ഷമമായിട്ടില്ല. കുറേ മുറികളും തിയേറ്ററുകളും ഉപയോഗശൂന്യമായി കിടക്കുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഫർണിച്ചറുകൾ കളവു പോകുകയും സാമൂഹ്യ വിരുദ്ധരുടെ ശല്യം വർദ്ധിച്ചിരിക്കുകയും ചെയ്തിട്ടുണ്ട്. ഈ രണ്ട് ആശുപത്രികളും ജനങ്ങൾക്ക് പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി വേണ്ട സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): തൃശൂർ ജില്ലാ ആശുപത്രിയിലേയ്ക്ക് വേണ്ട ഡോക്ടർമാരെ പോസ്റ്റ് ചെയ്യുകയും 29 നഴ്സുമാരെ എൻ.ആർ.എച്ച്.എം. മുഖേന അനുവദിക്കുകയും ക്ളീനിംഗ് സ്റ്റാഫിനെ നിയമിക്കാൻ എച്ച്. എം. സി.യോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. തൃശൂർ മെഡിക്കൽ കോളേജ് മുളങ്കുന്നത്തുകാവിലേയ്ക്ക് മാറ്റിയതിനെത്തുടർന്ന് അവിടെ അധികം വന്ന കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഡിസംബർ 31-നുള്ളിൽ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി ഒരു പ്രത്യേക ആശുപത്രി പ്രവർത്തനക്ഷമമാക്കും. ഈ രണ്ട് ആശുപത്രികളിലും ഡോക്ടർമാരെയും നഴ്സുമാരെയും എൻ. ആർ. എച്ച്. എം. മുഖേന പോസ്റ്റ് ചെയ്യുന്നതും ആവശ്യമായിട്ടുള്ള ഉപകരണങ്ങൾ വാങ്ങുന്നതുമാണ്.

(3) നിലമ്പൂർ താലൂക്കാശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ. ആര്യാടൻ മുഹമ്മദ്: നിലമ്പൂർ താലൂക്കാശുപത്രിയിൽ 2,500-ഓളം ആളുകൾ ദിനംപ്രതി പകർച്ചപ്പനിബാധിച്ച് വന്നുകൊണ്ടിരിക്കുന്നത് പരിഗണിച്ച് അവിടെ വേണ്ടത്ര ഡോക്ടർമാരെ നിയമിക്കാനും ആംബുലൻസ് ഉൾപ്പെടെ അടിയന്തിരമായി വേണ്ട സൗകര്യങ്ങൾ

ചെയ്തുകൊടുക്കാനും നടപടികൾ സ്വീകരിക്കണം. നിലമ്പൂരിലുള്ള പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ആവശ്യത്തിനുള്ള മരുന്നോ ഡോക്ടർമാരോ പാരാ മെഡിക്കൽ സ്റ്റാഫോ ഇല്ലാത്ത സ്ഥിതിക്കും പരിഹാരം കാണണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : 142 ബഡ്സും 352 ഐ.പി.യുമുള്ള നിലമ്പൂർ താലൂക്ക് ആശുപത്രിയിൽ 14 ഡോക്ടർമാരുണ്ട്; അനുവദിച്ച തസ്തികയിൽ നഴ്സ്മാരുമുണ്ട്. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തെത്തുടർന്ന് നഴ്സിംഗ് അസിസ്റ്റന്റുമാരെ റീ-ഡിപ്ളോയ്മെന്റുവഴി നിയമിച്ചിട്ടുണ്ട്. ഡോക്ടർമാരില്ലാത്ത ഒന്നുരണ്ട് പി.എച്ച്.സി.കളിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽനിന്നും കോഴിക്കോട് ഹെൽത്ത് സർവ്വീസിൽനിന്നും ഡോക്ടർമാരെ കൊടുത്തിട്ടുണ്ട്. പുതിയ തസ്തിക സൃഷ്ടിക്കുന്നതിനെ സംബന്ധിച്ച് ഗൗരവപൂർവ്വം പരിശോധിക്കുന്നതാണ്.

(4) തിരുവനന്തപുരം നഗരസഭയിലെ ജീവനക്കാരുടെ ദൗർലഭ്യം

ശ്രീ. വി. ശിവൻകുട്ടി : ധാരാളം വകുപ്പുകൾ കൈകാര്യം ചെയ്യുകയും നിരവധി ഏജൻസികളുടെ ഫണ്ട് സ്വരൂപിക്കുകയും ചെയ്യേണ്ടിവരുന്ന തിരുവനന്തപുരം നഗരസഭയിൽ ആവശ്യത്തിന് ജീവനക്കാരില്ല. 1970-നുശേഷം തിരുവനന്തപുരം കോർപ്പറേഷനിൽ ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ചിട്ടില്ല. ഇപ്പോൾ നൂറോളം തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. കൂടുതൽ പഞ്ചായത്തുകൾ കൂട്ടിച്ചേർത്തതിന്റെ ഫലമായി കോർപ്പറേഷന്റെ ജോലിഭാരം കൂടിയ സാഹചര്യത്തിൽ പുതിയ തസ്തിക സൃഷ്ടിക്കുന്നതിനായി കമ്മീഷനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): തദ്ദേശ സ്ഥാപനങ്ങളുടെ വര്‍ദ്ധിച്ചുവരുന്ന ജോലിഭാരത്തിനനുസരിച്ച് ജീവനക്കാരില്ല. താല്‍ക്കാലികമായി ചില നടപടികള്‍ സ്വീകരിച്ചതിനു പുറമേ കൂടുതല്‍ ആളുകളെ നിയമിക്കുന്നതിന് സത്വര നടപടികള്‍ സ്വീകരിച്ചുവരുന്നുണ്ട്.

(5) പി.ഡബ്ള്യു.ഡി. കടവുകള്‍ നിര്‍ത്തലാക്കുന്നതുമൂലമുള്ള ബുദ്ധിമുട്ടുകള്‍

ശ്രീ. ആനത്തലവട്ടം ആനന്ദന്‍: ആറ്റിങ്ങല്‍ മണ്ഡലത്തിലെ പി.ഡബ്ള്യു.ഡി കടവുകള്‍ നിര്‍ത്തലാക്കാന്‍ തീരുമാനിക്കുകയും അവ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഏറ്റെടുത്ത് നടപ്പാക്കണമെന്ന് നിര്‍ദ്ദേശിച്ചിരിക്കുകയാണ്. അതിന് പഞ്ചായത്തുകള്‍ ബഡ്ജറ്റില്‍ തുക വകയിരുത്തിയിട്ടില്ല. കടവുകള്‍ നിര്‍ത്തലാക്കിയാല്‍ ജനങ്ങള്‍ക്ക് ബുദ്ധിമുട്ടുണ്ടാകും. അടുത്ത ബഡ്ജറ്റില്‍ പഞ്ചായത്തില്‍ തുക വക കൊള്ളിക്കുന്നതുവരെയെങ്കിലും ഈ വര്‍ഷം പി.ഡബ്ള്യു.ഡി. തന്നെ കടവുകള്‍ നടത്തിക്കൊണ്ടുപോകുന്നതിന് നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി.യു. കുരുവിള): ആറ്റിങ്ങല്‍ മണ്ഡലത്തിലെ രണ്ട് കടവുകളില്‍ ദിവസക്കൂലിക്ക് ആളെവച്ച് സര്‍വ്വീസ് നടത്തിവരികയാണ്. പഞ്ചായത്ത് ആക്ട് 116 (1) അനുസരിച്ച് കടവുകള്‍ നടത്തേണ്ടത് ബന്ധപ്പെട്ട പഞ്ചായത്തോ മുനിസിപ്പാലിറ്റിയോ ആണ്. 15.6.2007 മുതല്‍ ഫെറി സര്‍വ്വീസ് നടത്താന്‍ ആറ്റിങ്ങല്‍ മുനിസിപ്പാലിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് കടവുകള്‍ നിര്‍ത്താന്‍ ആവശ്യപ്പെട്ടിട്ടില്ല.

(6) <u>വൈരജാതൻ ചിട്ടി കമ്പനി പൂട്ടിയതുമൂലമുള്ള ബുദ്ധിമുട്ടുകൾ</u>

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: സി.വി. കൃഷ്ണനെന്ന ആളും അദ്ദേഹത്തിന്റെ മരുമകനും ചേർന്ന് നടത്തിയിരുന്ന കാസർകോഡ് ജില്ലയിലെ വൈരജാതൻ ക്ഷേത്രംവക ചിട്ടി കമ്പനിയിൽ 300-ൽപ്പരം ഏജന്റുമാരുണ്ടായിരുന്നു. 16000-ൽപ്പരം ചിറ്റാളന്മാരിൽ നിന്നും 40 കോടിയിൽപ്പരം രൂപയുടെ ഇടപാട് നടത്തിയിരുന്ന ചിട്ടി കമ്പനി പൊളിഞ്ഞതുമൂലം ആളുകൾ ബുദ്ധിമുട്ടുകയാണ്. ഇതു സംബന്ധിച്ച് അന്വേഷണം നടത്തി കാശ് നഷ്ടപ്പെട്ടവർക്ക് അത് തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>: പത്ത് വർഷം മുമ്പ് കൃഷ്ണൻ എന്നയാളുടെ തറവാട് വക സ്ഥലത്ത് വൈരജാതൻ ഈശ്വരൻ ക്ഷേത്രം നിർമ്മിക്കുന്നതിന് വേണ്ടി ഒരു ചിട്ടി ആരംഭിക്കുകയും കൃഷ്ണനും അദ്ദേഹത്തിന്റെ മരുമകൻ ബാലചന്ദ്രനും ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. അമ്പലത്തിന്റെ പേരിലുള്ള ചിട്ടി ആയതുകൊണ്ടും ചിറ്റാളന്മാർക്ക് ന്യായമായ ലാഭം ലഭിച്ചതുകൊണ്ടും ധാരാളം ആളുകൾ ചിട്ടിയിൽ ചേർന്നു. ചിട്ടി വിപുലപ്പെട്ടപ്പോൾ നിരവധി ഏജന്റുമാരെ പണം പിരിക്കുന്നതിന് ചുമതലപ്പെടുത്തുകയും കിട്ടുന്ന തുക കൃഷ്ണന്റെയും ബാലചന്ദ്രന്റെയും പേരിൽ നിക്ഷേപിക്കുകയും ചെയ്തു. ചിറ്റാളന്മാരിൽനിന്നും പിരിക്കുന്ന പണം ഏജന്റുമാരുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതായും കണ്ടെത്തി. പരാതികളുടെ അടിസ്ഥാനത്തിൽ വിവിധ പോലീസ് സ്റ്റേഷനുകളിലായി 205 കേസ്സുകൾ രജിസ്റ്റർ ചെയ്തു. കൃഷ്ണൻ, ബാലചന്ദ്രൻ, സുബ്രഹ്മണ്യൻ എന്നിവരെക്കൂടാതെ 18 ഏജന്റുമാരും പ്രതികളാണ്. ഒന്നാം പ്രതി

കൃഷ്ണനെ അറസ്റ്റ് ചെയ്തു. മറ്റ് പ്രതികളെ കണ്ടെത്തുന്നതിന് ഊർജ്ജിതമായ അന്വേഷണം നടന്നുവരികയാണ്.

(7) <u>കോഴിക്കോട് ജില്ലയിലെ കാവിലുംപാറ, നരിപ്പറ്റ പഞ്ചായത്തുകളിലെ കാട്ടാന ശല്യം</u>

<u>ശ്രീമതി കെ.കെ. ലതിക</u> : കോഴിക്കോട് ജില്ലയിലെ കാവിലുംപാറ, നരിപ്പറ്റ പഞ്ചായത്തുകളിൽ കാട്ടാന ശല്യംമൂലം കുടിയേറ്റ കർഷകരുടെ കാർഷികവിളകൾ മുഴുവൻ നശിച്ചുകൊണ്ടിരിക്കുകയാണ്. നിലവിൽ സോളാർ ഫെൻസിംഗ് ഉണ്ടെങ്കിലും അത് ഫലപ്രദമല്ല. അടിയന്തിരമായി ചുറ്റുമതിൽ നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. ബിനോയ് വിശ്വം)</u>: കഴിഞ്ഞ കൊല്ലം ആ പ്രദേശത്ത് ഏഴര കിലോമീറ്റർ നീളത്തിൽ കമ്പിവേലി കെട്ടിയിട്ടുണ്ട്. ഇക്കൊല്ലം 17 കിലോമീറ്റർ സോളാർ ഫെൻസിംഗ് നിർമ്മിച്ചിട്ടും കാട്ടാനശല്യം തുടരുകയാണ്. ജനങ്ങളുടെ സഹകരണത്തോടെ ഫലപ്രദമാകുന്ന സ്ഥലത്ത് സോളാർ ഫെൻസിംഗും മറ്റ് സ്ഥലങ്ങളിൽ കരിങ്കൽ ഭിത്തിയും നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കൃഷിനാശം സംഭവിച്ചവർക്ക് അർഹമായ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(8) <u>നിരപരാധികളുടെ അറസ്റ്റ്</u>

<u>ശ്രീ. എം. ഉമ്മർ</u>: മുസ്ലീം ലീഗ് പ്രവർത്തകനായ അലിമോൻ കഴിഞ്ഞ 24 ദിവസമായി ജയിലിലാണ്. റിവോക്ക് ചെയ്യാൻ ഗവൺമെന്റിന് അധികാരമുണ്ടെങ്കിലും അത് ചെയ്യുന്നില്ല. അലിമോനെ വിട്ടയയ്ക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>: സംസ്ഥാനത്തെ മാഫിയ സംഘങ്ങളേയും സാമൂഹ്യ

വിരുദ്ധരേയും അമർച്ച ചെയ്യുന്നതിന് കേരള ആന്റി സോഷ്യലിസ്റ്റ് ആക്ടിവിറ്റീസ് പ്രിവൻഷൻ ഓർഡിനൻസ് പ്രാബല്യത്തിൽ വരികയും അതു പ്രകാരം നടപടി സ്വീകരിക്കുന്നതിന് ജില്ലാ പോലീസ് സൂപ്രണ്ടുമാരെ അധികാരപ്പെടുത്തുകയും ചെയ്തു. അവരുടെ റിപ്പോർട്ട് പ്രകാരം ഡിറ്റെൻഷൻ ഓർഡർ പുറപ്പെടുവിക്കുന്നത് ജില്ലാ കളക്ടർമാരാണ്. അതുപ്രകാരം മലപ്പുറത്ത് പൊന്നാനി സർക്കിൾ പരിധിയിൽപ്പെട്ട അഞ്ചുപേരുടെ പേരിൽ ഡിറ്റെൻഷൻ ഓർഡർ പുറപ്പെടുവിച്ചു. 17.6.2007-ൽ ആറ് കേസുകളിൽ പ്രതിയായ അലിമോനെയും 26.6.2007-ൽ മൂന്ന് കേസുകളിൽ പ്രതിയായ സിറാജുദ്ദീനെയും ഇതിന്റെ അടിസ്ഥാനത്തിൽ അറസ്റ്റ് ചെയ്ത് വിയ്യൂർ സെൻട്രൽ ജയിലിലാക്കി. ഇവരെ പുറത്തിറക്കിയാൽ സമാധാന അന്തരീക്ഷം തകർക്കുമെന്നാണ് റിപ്പോർട്ട്. ഡിറ്റെൻഷൻ ഓർഡർ പുറപ്പെടുവിക്കാനായി ഗവൺമെന്റ് ചുമതലപ്പെടുത്തിയ അഡ്വൈസറി ബോർഡിന്റെ പരിശോധനയ്ക്ക് വിടുകയും . അവർ ഉചിതമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഗുണ്ടാ നിയമം ദുരുപയോഗം ചെയ്യുന്നവർക്കെതിരെ നടപടി സ്വീകരിക്കും.

(9) <u>പകർച്ചപ്പനി</u>

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>: സംസ്ഥാനത്ത് പകർച്ചപ്പനി നിയന്ത്രണ വിധേയമായിയെന്ന് പറയുമ്പോൾത്തന്നെ അത് വ്യാപകമാവുകയും മരണം തുടരുകയും ചെയ്യുന്നു. പലയിടത്തും ആവശ്യത്തിന് ഡോക്ടർമാരും നഴ്സുമാരുമില്ലാത്ത സാഹചര്യമുണ്ട്. മുഖ്യമന്ത്രി പ്രഖ്യാപിച്ച ധനസഹായം ആലപ്പുഴ ജില്ലയിൽ ലഭിച്ചിട്ടില്ല. സൗജന്യ റേഷൻ ഉൾപ്പെടെയുള്ള

ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): സംസ്ഥാനത്തെ മലയോരമേഖലകളിലും തോട്ടം മേഖലകളിലും വ്യാപകമായി പടർന്നുകൊണ്ടിരുന്ന പകർച്ചപ്പനി ഇപ്പോൾ നിയന്ത്രണവിധേയമാക്കാൻ സാധിച്ചിട്ടുണ്ട്. നിലവിലുള്ള കണക്ക് പ്രകാരം പത്തനംതിട്ട ജില്ലയിൽ 527 പേരേയും കോട്ടയം ജില്ലയിൽ 625 പേരേയും എറണാകുളം ജില്ലയിൽ 647 പേരേയുമാണ് ഇപ്പോൾ പനിമൂലം ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്നത്. പനി വന്നവർക്ക് തന്നെ വീണ്ടും വരുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇത് കൊതുക് പരത്തുന്ന രോഗമാണോ അതോ മറ്റേതെങ്കിലും വൈറസ്മൂലമുള്ള രോഗമാണോ എന്നുള്ളത് പരിശോധിക്കാനായി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്നും വിദഗ്ദ്ധ ടീമിനെ അയച്ചുതരണമെന്ന് കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയോടും ഹെൽത്ത് സെക്രട്ടറിയോടും ആവശ്യപ്പെട്ടിട്ടുണ്ട്. പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ കേന്ദ്ര ഗവണ്മെന്റിന്റെ കീഴിലുള്ള ഐ.സി.എം.ആർ, വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളിൽ നിന്നുമുള്ള ഗവേഷകരുടെയും ഉദ്യോഗസ്ഥരുടെയും ഒരു ടീം പോയി പരിശോധിച്ച് റിപ്പോർട്ട് നൽകിയതിൽ പനിബാധിതരുടെ എണ്ണത്തിൽ കുറവുണ്ടെന്നാണ് പറഞ്ഞിരിക്കുന്നത്. ആയുർവേദ മരുന്നുകൾ സൗജന്യമായി ഡിസ്പെൻസറികളിൽക്കൂടി വിതരണം ചെയ്യുന്നതിനായി തുക അലോട്ട് ചെയ്തിട്ടുണ്ട്. വരുന്ന 22-ാം തീയതി കാലാവധി

അവസാനിക്കുന്ന ഡോക്ടർമാർക്ക് പകരം 14 ജില്ലകളിലുമായി 748 ഡോക്ടർമാരുടെ സേവനം ലഭിക്കത്തക്കവിധം ഇന്റർവ്യൂ വച്ചിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി): സംസ്ഥാനത്ത് നേരത്തെ ഉണ്ടായ പനിയിൽ നിന്ന് വ്യത്യസ്തമായ ലക്ഷണങ്ങൾ കാണിച്ചുകൊണ്ടുള്ള പനി വീണ്ടും ഉണ്ടാകുന്നതിൽ ജനങ്ങൾക്കുള്ള ആശങ്ക മനസ്സിലാക്കി ആവശ്യമായ മരുന്നുകളും സഹായവും എത്തിക്കുന്നതോടൊപ്പം പനിമൂലം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ധനസഹായവും സൗജന്യറേഷനും നൽകുന്ന കാര്യത്തിലും ഫലപ്രദമായ നടപടി സ്വീകരിക്കണം.

ശ്രീ. പി.സി. ജോർജ്: പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഈരാറ്റുപേട്ടയിൽ ഈ അസുഖവുമായി ബന്ധപ്പെട്ട് രണ്ട് രോഗികൾക്ക് ഗവണ്മെന്റ് സഹായം നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): പകർച്ചപ്പനി വീണ്ടും വ്യാപകമായതിനെത്തുടർന്ന് ഇവിടത്തെ ഡോക്ടർമാരുടെയും കേന്ദ്ര ആരോഗ്യ മന്ത്രാലയവുമായി ബന്ധപ്പെട്ട് അവിടെയുള്ള വിദഗ്ദ്ധ ഡോക്ടർമാരുടെയും സഹായം തേടിക്കൊണ്ട് പരിഹാരം കാണാൻ ശ്രമം നടത്തുന്നുണ്ട്. വീണ്ടും പനി ആരംഭിച്ചിട്ടുള്ള പ്രദേശങ്ങളിൽ അത്യാവശ്യം വേണ്ട എല്ലാ സഹായങ്ങളും നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. മറ്റ് സഹായങ്ങൾ കൊടുക്കുന്നത് സംബന്ധിച്ച് നാളെ കൂടുന്ന ക്യാബിനറ്റിൽ ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ഇത് സംബന്ധിച്ച് ശ്രീ. വി.എൻ. വാസവനും ശ്രീ. തോമസ് ചാഴികാടനും നോട്ടീസ് നൽകിയിട്ടുണ്ട്.)

(10) അഭിഭാഷക ക്ഷേമനിധി വിഹിതം.

ശ്രീമതി പി അയിഷാ പോറ്റി: അഭിഭാഷകരുടെ ക്ഷേമനിധി 3 ലക്ഷം രൂപയിൽ നിന്ന് 5 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കാനും സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന, പുതിയതായി ഈ രംഗത്ത് വരുന്ന അഭിഭാഷകർക്ക് നിശ്ചിത തുക സ്റ്റൈപ്പന്റായി അനുവദിക്കാനും മുൻസിഫ് /മജിസ്ട്രേട്ട് ടെസ്റ്റിനുള്ള യോഗ്യതയിൽ അഭിഭാഷകവൃത്തിയിൽ എക്സ്പീരിയൻസ് വേണം എന്ന മാനദണ്ഡം പുന:സ്ഥാപിക്കാനും വേണ്ട നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം. വിജയകുമാർ): 1980-ലെ കേരള അഡ്വക്കേറ്റ്സ് വെൽഫയർ ഫണ്ട് ആക്ട് പ്രകാരം 2001-ലാണ് അഭിഭാഷക ക്ഷേമനിധി മൂന്ന് ലക്ഷം രൂപയാക്കിയത്. ഇത് വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള റൂൾസിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. അതിലേയ്ക്കായി കേരള ബാർ കൗൺസിലിനോട് സർക്കാർ അഭിപ്രായം ആരായുകയും അവർ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. നിയമ വകുപ്പിന്റെ പരിശോധനയ്ക്ക്ശേഷം നിയമത്തിൽ ഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുന്നതാണ്. യുവ അഭിഭാഷകരുടെ സ്റ്റൈപ്പന്റ് സംബന്ധിച്ച് 7-7-06-ൽ ബാർ കൗൺസിൽ ഓഫ് ഇൻഡ്യ കത്തയയ്ക്കുകയും ഇതു സംബന്ധിച്ച് കേരളാ ബാർ കൗൺസിലിന്റെ അഭിപ്രായം ആരായുകയും ചെയ്തിട്ടുണ്ട്. അതിനുള്ള മറുപടി ലഭിക്കുന്ന മുറയ്ക്ക് ആഭ്യന്തര വകുപ്പുമായി കൂടിയാലോചിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

കേരള ജുഡീഷ്യൽ സർവ്വീസ് ചട്ടങ്ങളിലെ 10-ാം ചട്ടപ്രകാരം മുൻസിഫ്/ മജിസ്ട്രേട്ട് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അഭിഭാഷകവൃത്തിയിൽ 5 വർഷത്തെ പരിചയം നിർബന്ധമായിരുന്നു. സബോർഡിനേറ്റ് കോടതി ജഡ്ജിമാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയമിച്ച പേ കമ്മിഷന്റെ ശുപാർശകൾ സുപ്രീംകോടതി അംഗീകരിക്കുകയും ആൾ ഇൻഡ്യാ ജഡ്ജസ് അസോസിയേഷൻ സമർപ്പിച്ച കേസ്സിന്റെ വിധിന്യായത്തിൽ മുൻപരിചയമില്ലാത്ത നവ ബിരുദധാരികൾക്ക് ജുഡീഷ്യൽ സർവ്വീസിൽ നിയമനം ലഭിക്കത്തക്കവണ്ണം ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ ഹൈക്കോടതികൾക്കും സംസ്ഥാന ഗവണ്മെന്റുകൾക്കും സുപ്രീംകോടതി നിർദ്ദേശം കൊടുക്കുകയും ചെയ്തു. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ 31-8-06-ൽ കേരള ജുഡീഷ്യൽ സർവ്വീസ് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി. അതുപ്രകാരം ഇൻഡ്യൻ ബാർ കൗൺസിൽ അംഗീകരിച്ച നിയമ ബിരുദമുള്ളവർ ജുഡീഷ്യൽ മജിസ്ട്രേട്ട് തസ്തികയിലേയ്ക്ക് അപേക്ഷിക്കാൻ യോഗ്യരാണ്. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ വന്ന ഒരു ഭേദഗതി ആയതിനാൽ സംസ്ഥാന സർക്കാരിന് മാത്രമായി ഈ കാര്യത്തിൽ തീരുമാനമെടുക്കാൻ നിർവ്വാഹമില്ല.

(11) സ്ത്രീധന നിരോധനം.

ശ്രീ. സി.പി. മുഹമ്മദ്: സമൂഹത്തിന് മുഴുവൻ വിപത്തായി മാറിക്കൊണ്ടിരിക്കുന്ന സ്ത്രീധനം നിരോധിക്കാൻ കർശന നിയമം നടപ്പാക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): സ്ത്രീധനം വാങ്ങാൻ പാടില്ലെന്നും കൊടുക്കാൻ പാടില്ലെന്നുമുള്ള ശക്തമായ നിയമം ഇപ്പോൾത്തന്നെ നിലവിലുണ്ട്. അത് ഉപയോഗപ്പെടുത്താൻ കഴിയുന്നതോടൊപ്പം ഇതൊരു സാമൂഹ്യപ്രശ്നമാണെന്ന നിലയിൽ ശക്തമായിട്ടുള്ള ബോധവൽക്കരണവും നടത്തേണ്ടതുണ്ട്. ഈ നിയമം കർശനമായി നടപ്പിലാക്കുന്നതിനായി സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറെ ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന-ബ്ലോക്ക്-ജില്ലാ തലങ്ങളിൽ സ്ത്രീധന നിരോധന നിയമം സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് ഈ പ്രശ്നം തീർച്ചയായിട്ടും പരിഹരിക്കാൻ ശ്രമിക്കുന്നതാണ്.

(12) കാലവർഷക്കെടുതി

ശ്രീ. എൻ. രാജൻ: കിളിമാനൂർ നിയോജകമണ്ഡലത്തിൽ കാലവർഷക്കെടുതിമൂലം നാശനഷ്ടങ്ങൾ സംഭവിച്ചവർക്കും ഇടിമിന്നലേറ്റ് മരണമടഞ്ഞ കർഷകത്തൊഴിലാളിക്കും അടിയന്തിര ധനസഹായം ലഭ്യമാക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കാലവർഷക്കെടുതി മൂലം ദുരിതമനുഭവിക്കുന്നവർക്കായി നേരത്തേ അനുവദിച്ച ഫണ്ടുകൾക്കു പുറമെ എല്ലാ നിയോജകമണ്ഡലങ്ങൾക്കുമായി 20,92,11,577 രൂപ അനുവദിക്കുകയും വരുന്ന ശനി, ഞായർ ദിവസങ്ങളിലായി അവ വിതരണം ചെയ്യുന്നതിനും സൗജന്യറേഷൻ കിട്ടാത്ത സ്ഥലങ്ങളിൽ അത് ലഭ്യമാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽ നിന്നും

ഏപ്രിൽ ഒന്നുമുതൽ ഇതുവരെ 71,36,09,529 രൂപ വിവിധ ജില്ലകളിലായി വിതരണം ചെയ്തിട്ടുണ്ട്.

(13) ശ്രീ. ടി.എം. ഷാഫി ആക്രമിക്കപ്പെട്ട സംഭവം

ശ്രീ. എ.കെ. ചന്ദ്രൻ: കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ സി.പി.ഐ. ലോക്കൽ കമ്മിറ്റി സെക്രട്ടറിയായ ശ്രീ. ടി.എം. ഷാഫിയെ ക്രൂരമായി ആക്രമിച്ച സംഭവത്തിൽ യഥാർത്ഥ പ്രതികളെ അടിയന്തിരമായി കണ്ടുപിടിച്ച് ശിക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ സി.പി.ഐ. ലോക്കൽ കമ്മിറ്റി സെക്രട്ടറിയായ ശ്രീ. ടി.എം. ഷാഫി ക്രൂരമായി ആക്രമിക്കപ്പെട്ട സംഭവത്തിൽ പ്രതികളെ കണ്ടുപിടിക്കുന്നതിനുള്ള ഉർജ്ജിതമായ അന്വേഷണം നടന്നുവരുന്നു.

(14) കർഷകന്റെ ആത്മഹത്യ

ശ്രീ. തോമസ് ചാഴികാടൻ: ഏറ്റുമാനൂർ നിയോജകമണ്ഡലത്തിൽ സംഭരിച്ച നെല്ലിന് വില ലഭിക്കാത്തതുമൂലം ആത്മഹത്യചെയ്ത കർഷകന്റെ കുടുംബത്തിന് അടിയന്തിര ധനസഹായം ലഭ്യമാക്കുന്നതിനും കാർഷികാവശ്യത്തിനായി വിവിധ ബാങ്കുകളിൽ നിന്നെടുത്ത 10 ലക്ഷം രൂപയുടെ വായ്പ എഴുതിത്തള്ളുന്നതിനും പ്രസ്തുത പ്രദേശത്തെ 5 പാടശേഖരങ്ങളിൽനിന്ന് സംഭരിച്ച നെല്ലിന്റെ വില ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ 15

ലക്ഷം ക്വിന്റൽ നെല്ല് സംഭരിക്കുകയും അതിന്റെ വിലയായ 129 കോടി രൂപയിൽ 128 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ആത്മഹത്യ ചെയ്ത കർഷകന്റെ മകൾക്ക് കൊടുക്കാനുള്ള 68,000 രൂപ നടപടിക്രമങ്ങൾ പൂർത്തിയാക്കി ഇന്നുതന്നെ നൽകുന്നതാണ്. നെല്ലിന്റെ വില ലഭിക്കാത്തതുകൊണ്ടല്ല, വിവിധ ബാങ്കുകളിലായി 12,95,000 രൂപയുടെ ബാധ്യതകളുള്ള പ്രസ്തുത കർഷകന് ബാങ്കിൽ നിന്നും നോട്ടീസ് കിട്ടിയതുകൊണ്ടാണ് ആത്മഹത്യ ചെയ്തത്. അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ദയനീയ സ്ഥിതി പരിഗണിച്ച് എന്തുചെയ്യാൻ കഴിയുമെന്നുള്ളത് ആലോചിക്കുന്നതാണ്.

(15) അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പ്രശ്നങ്ങൾ

ശ്രീ. എം. ചന്ദ്രൻ: സംസ്ഥാനത്തെ അംഗൻവാടി വർക്കർമാരെ ക്ലാസ്-3 ജീവനക്കാരായും ഹെൽപ്പർമാരെ ക്ലാസ്-4 ജീവനക്കാരായും പരിഗണിക്കുന്നതിനും അവരുടെ ഓണറേറിയം വർക്കർമാർക്ക് 3000 രൂപയും ഹെൽപ്പർമാർക്ക് 2000 രൂപയുമായി വർദ്ധിപ്പിക്കുന്നതിനും അവരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിനും കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. അവർക്ക് 60 വയസ്സ് തികയുമ്പോൾ പെൻഷൻ നൽകുന്നതിനും ക്ഷേമനിധിയിലെ ഗവൺമെന്റ് വിഹിതം അടയ്ക്കുന്നതിനും എല്ലാ അംഗങ്ങൾക്കും കെട്ടിടം നിർമ്മിച്ചുനൽകുന്നതിനും നടപടി സ്വീകരിക്കണം. വിറകിനും ട്രാൻസ്പോർട്ടേഷനുമായി സംസ്ഥാന ഗവൺമെന്റ് നൽകന്ന തുക വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും

സേവന-വേതന വ്യവസ്ഥകൾ സംയോജിത ശിശുവികസന സമിതിയുടെ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളുമനുസരിച്ചാണ് നൽകിവരുന്നത്. അംഗൻവാടി ഹെൽപ്പർമാർക്ക് സംസ്ഥാന ഗവൺമെന്റ് 150 രൂപ വീതം വർദ്ധിപ്പിച്ചുകൊടുത്തെങ്കിലും അവരുടെ സേവന-വേതന വ്യവസ്ഥകൾ ഇതുവരെ തിട്ടപ്പെടുത്തിയിട്ടില്ല. ഇതിന് കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതും ക്ഷേമനിധിയിലേയ്ക്കുള്ള ഗവൺമെന്റ് വിഹിതം അടയ്ക്കുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്. കെട്ടിട നിർമ്മാണത്തിനായി 22.86 കോടി രൂപ എം.ജി.പി.യിലുൾപ്പെടുത്തി നൽകുന്നതിനും പച്ചക്കറിക്ക് 20 പൈസ എന്നുള്ളത് 50 പൈസയായി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ഷേമനിധിയിൽ ഗവൺമെന്റ് വിഹിതമുൾപ്പെടുത്തി അവരുടെ വിരമിക്കലിന് എന്തുചെയ്യാൻ കഴിയുമെന്നുള്ളതുസംബന്ധിച്ച നയപരമായ തീരുമാനം സാമൂഹ്യക്ഷേമ വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചാ വേളയിൽ അറിയിക്കുന്നതാണ്.

## റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

പത്താം സബ്ജക്ട് കമ്മിറ്റിയുടെ 2005 ഏപ്രിൽ 1 മുതൽ 2006 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 16 മുതൽ 27 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

ഹർജികൾ സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് അംഗീകരിക്കപ്പെട്ടു.

## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

ബൗദ്ധിക സ്വത്തവകാശ നയത്തെ സംബന്ധിച്ച് നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## ധനകാര്യം

2007-2008 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ
ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VIII – എക്സൈസ്
( 51,11,11,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXIV – തൊഴിലും തൊഴിലാളിക്ഷേമവും
(112,63,67,000 രൂപ)

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു.ടി തോമസ്) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ –IX വാഹന നികുതികൾ

(19,32,11,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIV – സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും

(102,44,09,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLI – ഗതാഗതം

(119,95,38,000 രൂപ)

നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ):</u> പ്രമേയങ്ങളെ പിൻതാങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ):</u> എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയേയും തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയേയും സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗതാഗതം എന്ന XLI -ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

സർവ്വശ്രീ എൻ. ശക്തൻ, കെ.സി. ജോസഫ്, വർക്കല കഹാർ, ജോർജ് മേഴ്സിയർ, കെ.സി. വേണുഗോപാൽ, എ.പി. അനിൽകുമാർ, പി.സി. വിഷ്ണുനാഥ്, അടൂർ പ്രകാശ്, കെ. ശിവദാസൻ നായർ, തേറമ്പിൽ രാമകൃഷ്ണൻ, ആര്യാടൻ മുഹമ്മദ്, എം.എ. വാഹീദ്, സി.ടി. അഹമ്മദ് അലി,

യു.സി. രാമൻ, അബ്ദുറഹിമാൻ രണ്ടത്താണി, എം. ഉമ്മർ, തോമസ് ചാണ്ടി, ബി. ബാബു പ്രസാദ്, ജി. കാർത്തികേയൻ, വി. കെ. ഇബ്രാഹിംകുഞ്ഞ്, പി.കെ . അബ്ദുറബ്ബ്, കെ. കുട്ടി അഹമ്മദ് കുട്ടി, തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കെ.എസ്.ആർ.ടി.സി. യിലെ പ്രതിമാസ വരുമാനം ഇന്ന് കുറഞ്ഞിരിക്കുകയാണെന്ന സത്യം നിഷേധിക്കാനാവില്ല. ഈ സ്ഥാപനം കൂടുതൽ നഷ്ടത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ബസ്സുകളുടെ എണ്ണം കുറച്ച് കോർപ്പറേഷന്റെ നഷ്ടം കുറയ്ക്കാമെന്ന ഈ സർക്കാരിന്റെ വ്യാമോഹം വൃഥാവിലാണ്. മുൻപ് ബസ്സുകൾ വാങ്ങിയിരുന്നത് 2:1 റേഷ്യോയിൽ നെഗോഷിയേറ്റ് ചെയ്താണ്. എന്നാൽ ഇപ്പോൾ ടെന്റർ ചെയ്ത് ബസ്സുകൾ വാങ്ങുന്നതു കാരണം അഴിമതി നടക്കാനുള്ള സാദ്ധ്യത കൂടുതലാണ്. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് വാഹനങ്ങളിൽ സ്പീഡ് ഗവർണ്ണർ ഘടിപ്പിക്കുന്നതിനോട് എതിർപ്പ് കാട്ടിയവർ ഇപ്പോൾ അത് നിർബന്ധമാക്കിയിരിക്കുകയാണ്. സ്പീഡ് ഗവർണ്ണർ ഘടിപ്പിച്ചതിനുശേഷം അത് ഫംഗ്ഷൻ ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കാനോ ഫംഗ്ഷൻ ചെയ്യുന്നില്ലെങ്കിൽ അത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് നടപടിയെടുക്കാനോ തയ്യാറാകാത്തത് കുറ്റകരമായ അനാസ്ഥയാണ്. സ്പീഡ് ഗവർണ്ണർ ഘടിപ്പിക്കുന്നത് നിർബന്ധമാക്കിയതു സംബന്ധിച്ച് 200 കോടി രൂപയുടെ അഴിമതി നടന്നിട്ടുണ്ടെന്നാണ് അറിയുന്നത്. അതിനെക്കുറിച്ച് അന്വേഷിക്കണം. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത്

ചാരായം കൈവശം വയ്ക്കുന്നതും വിൽപ്പന നടത്തുന്നതും കുറ്റകരമാണെന്നും അതിന് ജയിൽ ശിക്ഷ അനിവാര്യമാണെന്നുമുള്ള അബ്കാരി നിയമത്തിൽ ഈ ഗവൺമെന്റ് ഭേദഗതി വരുത്തിയത് ചാരായ ലോബികളെ സഹായിക്കാനും കേരളത്തെ മദ്യത്തിൽ മുക്കികൊല്ലാനുമാണ്.

<u>ശ്രീ. സി.കെ. സദാശിവൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അഴിമതിരഹിതവും തൊഴിലാളിക്ഷേമത്തിനുതകുന്നതുമായ പ്രവർത്തന ങ്ങളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. തൊഴിൽ-എക്സൈസ്-ഗതാഗത വകുപ്പുകൾ ദിശാബോധത്തോടുകൂടി ജനങ്ങളുടെ താൽപ്പര്യങ്ങൾക്കനുസൃതമായി പ്രവർത്തിച്ചുകൊണ്ടിരി ക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ഉടനെ തന്നെ വിവിധ ക്ഷേമ പദ്ധതികൾ പുനരുജ്ജീവിപ്പിക്കാൻവേണ്ടി നടപടികളെടുത്തുവെന്നത് ശ്ലാഘനീയമാണ്. കയർ, കശുവണ്ടിത്തൊഴിലാളികളുടെ ഒരു വർഷക്കാലത്തെ പെൻഷൻ കുടിശ്ശിക കൊടുത്തുതീർത്തു. ഓണത്തോടനു ബന്ധിച്ച് നാല് മാസത്തെ പെൻഷൻ കൊടുത്തതും അതിനുശേഷം എല്ലാ മാസവും കൃത്യമായി ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചതും അഭിനന്ദനാർഹമാണ്. അവശേഷിക്കുന്ന കുടിശ്ശിക തുക അടിയന്തിരമായി കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കണം. ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ വരുന്ന ക്ഷേമ പദ്ധതി ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. 14 ജില്ലകളിലും ഇതിന്റെ ഓഫീസുകൾ തുറക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. ഈ മേഖലയിലുള്ള ലക്ഷോപലക്ഷം തൊഴിലാളികൾക്ക് ക്ഷേമപദ്ധതികളുടെ പ്രയോജനം എത്തിക്കാൻ ഈ ഗവൺമെന്റിന്

സാധിച്ചുവെന്നത് ശ്രദ്ധേയമാണ്. ചുമട്ടുതൊഴിലാളി രംഗത്തെ കയറ്റിറക്ക് നിയമം തൊഴിലാളികൾക്ക് പ്രയോജനം ലഭ്യമാകത്തക്കവിധം പരിഷ്ക്കരിച്ച് നടപ്പിലാക്കണം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കശുവണ്ടി തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിച്ചു. കശുവണ്ടി വികസന കോർപ്പറേഷനിലേയും കാപ്പെക്സിലേയും തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിക്കണം. അനധികൃത സ്വകാര്യ കശുവണ്ടി ഫാക്ടറികളിൽ കടുത്ത ചൂഷണത്തിന് ഇരയാകുന്ന തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ഉറപ്പാക്കാൻ സർക്കാർ മുൻകൈ എടുക്കണം. സ്പിരിറ്റ്-വ്യാജ ചാരായം ഒഴുക്കിനെ നിയന്ത്രിക്കുന്നതിനും മാഫിയാ സംഘങ്ങളെ തുറുങ്കിലടയ്ക്കുന്നതിനും എക്സൈസ് വകുപ്പിന്റെ പ്രവർത്തനം വഴി കഴിഞ്ഞിട്ടുണ്ട്. ബിവറേജസ് കോർപ്പറേഷനിൽ ഇപ്പോൾ 3000 കോടിയിലധികം രൂപയുടെ വരുമാനമുണ്ട്. ബോധവൽക്കരണത്തിലൂടെ മദ്യത്തിന്റെ ഉപയോഗം കുറച്ചുകൊണ്ടുവരാനുള്ള നടപടി സ്വീകരിക്കണം. പരമ്പരാഗത തൊഴിലധിഷ്ഠിത വ്യവസായമായ ചെത്ത് വ്യവസായത്തെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണം. കളള് ഷാപ്പുകളിൽ മദ്യത്തോടൊപ്പം സ്പിരിറ്റ് ചേർത്ത് കൊടുക്കുന്നത് തടയണം. അടച്ചുപൂട്ടിയ 1610 ഷാപ്പുകൾ തുറന്നു പ്രവർത്തിപ്പിക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. അഴിമതിയിലും കെടുകാര്യസ്ഥതയിലും കൂപ്പുകുത്തിയ ഗതാഗത മേഖലയെ ദിശാബോധത്തോടുകൂടി നയിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്.

ശ്രീ. എം. ഉമ്മർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വളരെ പ്രതീക്ഷയോടെ ഈ സർക്കാരിന്റെ ഭരണത്തെ ഉറ്റുനോക്കിയ തൊഴിലാളികൾ ഇന്ന്

കടുത്ത നിരാശയിലാണ്. സംസ്ഥാനത്ത് തൊഴിലില്ലായ്മ വളരെ രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. 30-4-07-ലെ കണക്കുപ്രകാരം 3918466 തൊഴിൽ രഹിതർ സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പി.എസ്.സി. വഴിയുള്ള നിയമനങ്ങളിൽ കാലതാമസമുണ്ടാകുമ്പോൾ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തണമെന്നാണ് ചട്ടമെങ്കിലും പലപ്പോഴും പിൻവാതിൽ നിയമനമാണ് നടക്കുന്നത്. ഇതിന്റെ ഫലമായി എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരുടെ എണ്ണം കൂടി വരികയാണ്. ഇവരെ രക്ഷിക്കുന്നതിന് ക്രിയാത്മകമായ യാതൊരു പദ്ധതിയും ഇപ്പോൾ നിലവിലില്ല. തൊഴിൽ രംഗത്തെ ബഹുരാഷ്ട്ര കുത്തകകളുടെ കടന്നുകയറ്റം വ്യാപാര വ്യവസായ രംഗത്ത് പുതിയ വെല്ലുവിളി ഉയർത്തിയിരിക്കുന്നു. നഗരങ്ങളിലെ ഇത്തരം കുത്തകകളുടെ ആധിപത്യം ചെറുകിട കച്ചവടക്കാരേയും തൊഴിലാളികളേയും സാരമായി ബാധിക്കും. ബഹുരാഷ്ട്ര കുത്തകകളുടെ റീറ്റെയിൽ രംഗത്തേയ്ക്കുള്ള കടന്നുകയറ്റം തടയാനാവശ്യമായ നിയമനിർമ്മാണം നടത്തണം. തൊഴിൽദാതാവ് ഗവൺമെന്റാണ് എന്ന സങ്കൽപ്പം മാറ്റി സ്വകാര്യ മേഖലയിലും തൊഴിൽ സംവരണം ഏർപ്പെടുത്തുന്നതിന് നിയമ നിർമ്മാണം നടത്തുവാൻ കേന്ദ്രത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം. തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കുന്നതിന് പുതിയ കാലഘട്ടത്തിനനുസൃതമായ തൊഴിൽ നിയമങ്ങൾ പുനർനിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ട്രേഡ് യൂണിയൻ ആക്ട്, ഫാക്ടറീസ് ആക്ട്, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ട് എന്നിവയിൽ ഭേദഗതി ഉണ്ടാകേണ്ടതുണ്ട്. തൊഴിൽ നിയമങ്ങൾ ലംഘിക്കുന്ന തൊഴിൽ ഉടമകൾ അടയ്ക്കേണ്ട

പിഴ കാലോചിതമായി പരിഷ്ക്കരിക്കുകയും നിയമലംഘനം കർശനമായി തടയുകയും ചെയ്യണം. ട്രേഡ് യൂണിയൻ ബാഹുല്യം കുറയ്ക്കുന്നതിന് നിയമം കൊണ്ടുവരണം. മേൽവിലാസമുള്ള ട്രേഡ് യൂണിയനുകൾക്കു മാത്രം അംഗീകാരം നൽകാനുള്ള നീക്കം തൊഴിൽ രംഗത്ത് അരക്ഷിതാവസ്ഥ സൃഷ്ടിക്കും. തൊഴിൽ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകളെ ഏകോപിപ്പിച്ച് ഒരു അപ്പെക്സ് ബോഡിയുടെ കീഴിലോ മറ്റ് സംവിധാനത്തിലോ ആക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കണം. നമ്മുടെ നാട്ടിൽ ഉയർന്നുവരുന്ന വൻകിട-വ്യാപാര-വ്യവസായ -ധനകാര്യ-വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സാമൂഹ്യ ഉത്തരവാദിത്തത്തെ സംബന്ധിച്ച് ഒരു നിയമനിർമ്മാണം ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ്. തേയിലത്തോട്ടങ്ങളുടെ പുനരുദ്ധാരണത്തിന് കേന്ദ്രം പ്രഖ്യാപിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സർക്കാർ ശുഷ്കാന്തി കാണിക്കണം. വിദേശ മലയാളികളുടെ ക്ഷേമത്തിനുവേണ്ടി രൂപംകൊണ്ട നോർക്കയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. വിദേശങ്ങളിൽ വച്ച് മരണമടയുന്ന പ്രവാസികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസച്ചെലവ് അനുവദിക്കുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പിലാക്കണം. അവധിക്കാലത്ത് കൂടുതൽ വിമാന സർവ്വീസുകൾ അനുവദിക്കണം. മോട്ടോർ വാഹന വകുപ്പ് അഴിമതിയുടേയും കെടുകാര്യസ്ഥതയുടേയും പര്യായമായി നിലകൊള്ളുകയാണ്. ജനങ്ങളെ വളരെയധികം ബുദ്ധിമുട്ടിക്കുന്ന രീതിയിലാണ് യൂസേഴ്സ് ഫീ സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നത്. വാഹനങ്ങളുടെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് കൊടുക്കുന്നതിന് ഇപ്പോൾ യാതൊരു മാനദണ്ഡവുമില്ല. മോട്ടോർ വാഹന വകുപ്പിലെ പരിശോധനയും ടെസ്റ്റും കൃത്യമായും കാര്യക്ഷമമായും നടപ്പിലാക്കണം. വാഹനങ്ങളുടെ എണ്ണത്തിനനുസരിച്ച് ജീവനക്കാരുടെ

എണ്ണവും വർദ്ധിപ്പിക്കണം. മലപ്പുറത്ത് ഒരു താലൂക്കിൽ ഒരു ജോയിന്റ് ആർ.ടി. ഓഫീസ് വീതം. പ്രവർത്തിപ്പിക്കാനുള്ള സൗകര്യം ഉണ്ടാക്കണം. 2002-2003-ൽ യു.ഡി.എഫ്. സർക്കാർ അടച്ചുപൂട്ടിയ 1610 കള്ള് ഷാപ്പുകൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് ഈ സർക്കാർ അനുമതി നൽകി. മദ്യവിപണനം ഇനിയും വ്യാപകമാക്കാനുള്ള ഈ സർക്കാരിന്റെ നീക്കം ഭാവി തലമുറയോട് ചെയ്യുന്ന അപരാധമാണ്. നിശ്ചിത ദൂരപരിധി ലംഘിച്ചുകൊണ്ട് അനധികൃതമായി കള്ള് ഷാപ്പുകൾ അനുവദിക്കുന്നത് തടയണം. കള്ളുഷാപ്പുകൾ തുടങ്ങുമ്പോൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അനുമതി വാങ്ങണമെന്ന നിബന്ധന അബ്കാരി നിയമത്തിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കണം. മദ്യഉപഭോഗം കുറച്ചുകൊണ്ടുവരുന്നതിന് ഉദയഭാനു കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണം.

<u>ശ്രീ. എൻ. രാജൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ സാധാരണക്കാരോടും തൊഴിലാളികളോടുമുള്ള പ്രതിബദ്ധതയാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഈ ധനാഭ്യർത്ഥനകളിലൂടെ കാണാൻ കഴിയുന്നത്. സംസ്ഥാനത്ത് ഇപ്പോൾ തൊഴിൽ സമരങ്ങൾ ഇല്ല. തൊഴിലാളികളും തൊഴിലുടമകളും തമ്മിൽ നല്ല ബന്ധമാണുള്ളത്. കഴിഞ്ഞ കാലങ്ങളിൽ തൊഴിലാളികൾ ആനുകൂല്യങ്ങൾക്കായി പ്രക്ഷോഭത്തിന് ഇറങ്ങേണ്ട അവസ്ഥാവിശേഷം നിലനിന്നിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അവശ ജനവിഭാഗങ്ങളുടെ പെൻഷൻ കുടിശ്ശികകൾ കൊടുക്കാൻ തീരുമാനിച്ചു. കയർ, കൈത്തറി, കശുവണ്ടി എന്നീ മേഖലകളിലെ സാധാരണക്കാരെ സഹായിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു. വരുന്ന ഓണത്തിന് വിവിധ വിഭാഗം തൊഴിലാളികളുടെ 4 മാസത്തെ പെൻഷൻ

കുടിശ്ശിക കൊടുക്കാനുള്ള സർക്കാർ തീരുമാനം ശ്ലാഘനീയമാണ്. അതാത് മാസത്തെ പെൻഷൻ തൊഴിലാളികളുടെ കയ്യിൽ അതാതു മാസം തന്നെ കിട്ടുന്ന സ്ഥിതിവിശേഷമുണ്ടാകണം. കർഷകത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് 3 കോടി രൂപ നീക്കിവച്ചത് ആശ്വാസമാണ്. കഴിഞ്ഞ കാലങ്ങളിൽ വിവിധ സർക്കാരുകൾ ഭരിച്ചെങ്കിലും ഈ സർക്കാരാണ് ക്ഷേമനിധി ബോർഡിലേയ്ക്ക് ഗ്രാന്റ് അനുവദിച്ചത്. ഈ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് തൊഴിൽ വകുപ്പ് മുൻകൈ എടുത്ത് ഒരു സബ് കമ്മിറ്റി ഉണ്ടാക്കി പോരായ്മകളെ സംബന്ധിച്ച് പഠനം നടത്തി ആവശ്യമായ തീരുമാനമെടുക്കണം. കശുവണ്ടി തൊഴിലാളികളുടെ മിനിമം വേജസ് നടപ്പിലാക്കണം. സ്വകാര്യ മേഖലയിൽ പണിയെടുക്കുന്ന, ചൂഷണത്തിന് വിധേയരാകുന്ന തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കണം. ഇക്കാര്യങ്ങളെക്കുറിച്ച് സമയാസമയങ്ങളിൽ പരിശോധന നടത്തി നടപടിയെടുക്കുന്നതിന് എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്താൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് സുരക്ഷാ പദ്ധതികൾ നടപ്പിലാക്കണം. സ്റ്റേജ് കാര്യേജ് സർവ്വീസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ ടാക്സ് മൂന്നിലൊന്നായി കുറവ് ചെയ്തിരുന്നത് പുനഃസ്ഥാപിക്കണം. തൊഴിലാളികൾ നടത്തുന്ന സ്ഥാപനങ്ങൾ എന്ന നിലയിൽ അവരെ സഹായിക്കുന്നതിനുള്ള നടപടി ഉണ്ടാകണം. കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും ഈ മേഖലയിലെ കെടുകാര്യസ്ഥതയ്ക്കും അഴിമതിക്കും മാറ്റം വരുത്തുന്നതിനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾക്ക് വിരുദ്ധമായ മദ്യനയമാണ് എൽ.ഡി.എഫ്. സ്വീകരിച്ചിരിക്കുന്നത്. പ്രതിദിന കള്ളുൽപ്പാദനം നിലവിലുള്ള കള്ളുഷാപ്പുകൾക്ക്പോലും പര്യാപ്തമല്ലാതിരിക്കെ പുതിയ 1610 കള്ളുഷാപ്പുകൾ കൂടി തുടങ്ങിയതിലൂടെ വ്യാജക്കള്ളുൽപ്പാദനത്തിന് പ്രോൽസാഹനം നൽകുകയാണ് ചെയ്തിരിക്കുന്നത്. വ്യാജമദ്യത്തിനെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളെ നോക്കുകുത്തികളാക്കി പിൻവാതിൽ നിയമനം നടത്തുന്നത് അവസാനിപ്പിക്കണം. കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം നിരാശാജനകമാണ്. കെ.ടി.ഡി.എഫ്.സി.യിൽ വമ്പിച്ച ക്രമക്കേടുകളാണ് നടക്കുന്നത്.

<u>ശ്രീ. എം. കെ. പ്രേംനാഥ്:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മൽസ്യത്തൊഴിലാളി–ഗതാഗത മേഖലകളിൽ വലിയ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. ട്രോളിങ്ങ് നിരോധനം ഇതര സംസ്ഥാനങ്ങളുടേതിനു തുല്യമാക്കിയത് മൽസ്യത്തൊഴിലാളികൾക്ക് സഹായകമായി. വീടില്ലാത്തവർക്ക് വീട് നിർമ്മിച്ചുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ടിക്കറ്റ് പരിശോധന കർശനമാക്കുക വഴിയും ശക്തമായ നടപടികളിലൂടെയും നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തിക്കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കി അങ്കമാലിയിൽ പുതിയ ബസ് സ്റ്റേഷൻ അനുവദിച്ചു. പ്രധാന കേന്ദ്രങ്ങളിൽ വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കെ.എസ്.ആർ.ടി.സി.യിൽ പതിനായിരത്തോളം പേർക്ക് ജോലി

സാധ്യതയ്ക്കുള്ള നടപടികൾ സ്വീകരിച്ചു. എം.എൽ.എ.മാർ ഉൾപ്പെട്ട യോഗങ്ങളിൽ കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനങ്ങൾ വിലയിരുത്തപ്പെടുന്നുണ്ട്. തോട്ടം മേഖലയിലും കാർഷിക/കൈത്തറി മേഖലകളിലും പുരോഗമനപരമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച് പ്രശ്നങ്ങൾ ലഘൂകരിച്ചു. ഷോപ്സ് ആന്റ് എസ്റ്റാബ്ളിഷ്മെന്റ് നിയമത്തിൻ കീഴിൽ പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് ആനുകൂല്യം ലഭിച്ചു. ഐ.ടി./അബ്കാരി മേഖലയിൽ പുതിയ നയങ്ങളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സ്ത്രീമൽസ്യത്തൊഴിലാളികൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ നടപ്പാക്കി. പുരോഗമന പ്രസ്ഥാനങ്ങളെ ഭിന്നിപ്പിക്കാനുള്ള ശ്രമങ്ങളെ ചെറുത്തു തോൽപ്പിക്കണം.

<u>ശ്രീ. വി. സുരേന്ദ്രൻ പിള്ള</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തൊഴിൽ, ഗതാഗതം, എക്സൈസ് തുടങ്ങി ഒട്ടുമിക്ക വകുപ്പുകളിലും വലിയ പരിഷ്ക്കാരങ്ങൾ വരുത്താതെതന്നെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. തൊഴിലില്ലായ്മാവേതനം, കർഷകത്തൊഴിലാളി പെൻഷൻ, കയർത്തൊഴിലാളി പെൻഷൻ എന്നിവ കുടിശ്ശിക ഉൾപ്പെടെ വിതരണം ചെയ്തു. എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എണ്ണായിരത്തിലധികം പേർക്ക് പുതിയ തൊഴിൽ കൊടുത്തു. അന്യസംസ്ഥാനങ്ങളിൽനിന്നും ഇവിടെ വന്നു പണിയെടുക്കുന്ന തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാൻ നിയമനിർമ്മാണത്തിനുള്ള നടപടികൾ നടന്നുവരികയാണ്. കശുവണ്ടി തൊഴിലാളികൾക്കുള്ള മിനിമം വേതനം വർദ്ധിപ്പിച്ചു. നഷ്ടത്തിലായിരുന്ന കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കാനുള്ള അശ്രാന്ത പരിശ്രമമാണ് നടക്കുന്നത്. റോഡിനും കാലാവസ്ഥയ്ക്കും അനുയോജ്യമല്ലാത്തതും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന വിധത്തിലുള്ളതുമായ ഹൈടെക്ക്

ബസ്സുകൾ പുതുതായി വാങ്ങരുത്. ബസ് ബോഡി ബിൽഡിംഗ് സംവിധാനം മെച്ചപ്പെടുത്തണം. സുപ്രീം കോടതി വിധി നടപ്പാക്കാൻ വേണ്ടിയാണ് സ്പീഡ് ഗവർണർ നിർബന്ധമാക്കിക്കൊണ്ടുള്ള ഓർഡിനൻസ് പുറപ്പെടുവിച്ചത്. കെ.ടി.ഡി.എഫ്.സി.യുടെ പ്രവർത്തനം നിയമാനുസൃത മായാണ് നടക്കുന്നത്.

ശ്രീ. എം. ചന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കെ.എസ്.ആർ.ടി.സി.യെ നന്നാക്കാനുള്ള അശ്രാന്ത പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പൊതുമേഖലാസ്ഥാപനങ്ങളെ നിലനിർത്തി, പരിപോഷിപ്പിച്ച് സംരക്ഷിക്കുന്ന നയമാണ് ഈ സർക്കാരിന്റേത്. ഓപ്പൺ ടെണ്ടറിൽ ബസ്സുകൾ വാങ്ങിയതിലൂടെ കെ.എസ്.ആർ.ടി.സി.ക്ക് കോടിക്കണക്കിന് രൂപ ലാഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. അഞ്ച് വർക്ക്ഷോപ്പുകളെ പുനരുജ്ജീവിപ്പിച്ച് ബസ്സ് ബോഡി ബിൽഡിംഗ് നടത്താനുള്ള ശ്രമം അഭിനന്ദനീയമാണ്. ഉള്ള ബസ്സുകൾ കൃത്യമായി ഓടിക്കുന്നുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ വമ്പിച്ച നേട്ടങ്ങൾ കൈവരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞതിനാൽ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെടെ നടന്ന ഉപതെരഞ്ഞെടുപ്പുകളിലെ ജനവിധി ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് അനുകൂലമായി. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് വിദ്യാഭ്യാസ കച്ചവടത്തിനെതിരായി സ്വാശ്രയ വിദ്യാഭ്യാസ നിയമം ഐകകണ്ഠ്യേന പാസ്സാക്കി. സംസ്ഥാനത്ത് പ്രൊഫഷണൽ കോഴ്സുകൾക്ക് കോഴയും തലവരിയും വാങ്ങുന്നതിനെ എതിർത്തുകൊണ്ടുള്ള കർശനമായ സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്. വിദ്യാഭ്യാസ കച്ചവടം അനുവദിക്കില്ല എന്ന തീരുമാനം വിദ്യാർത്ഥികളോടുള്ള ഈ ഗവൺമെന്റിന്റെ പ്രതിബദ്ധതയാണ്

പ്രകടമാക്കുന്നത്. ടാറ്റാ കമ്പനി ഉൾപ്പെടെയുള്ളവർ നടത്തിയ അനധികൃത കയ്യേറ്റങ്ങൾക്കെതിരെ നടപടി സ്വീകരിച്ചതും ഈ ഗവൺമെന്റിന്റെ നേട്ടമാണ്.

ശ്രീ. പി. സി ജോർജ് : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതൽ ചാർജ് ഈടാക്കുന്നുവെങ്കിലും ഇന്നും നഷ്ടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കാൻ നടപടി സ്വീകരിക്കണം. പ്രൈവറ്റ് ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള സൗജന്യയാത്ര തുടരണം. ബസ് ബോഡി ബിൽഡിംഗ് സംസ്ഥാനത്തുതന്നെ നടത്തുന്നതിലൂടെ പത്ത് ലക്ഷം തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കാൻ കഴിയും. റബ്ബർ കാർട്ടൺ മേഖലയിലെ തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കണം. മീനച്ചിൽ പഞ്ചായത്തിൽ 28 തൊഴിലാളികളിൽ 22 പേരും രാജിവച്ച് വേറെ യൂണിയനിൽ ചേർന്നു. ബാക്കിയുള്ള 6 പേർ 28 പേരുടെയും ജോലി ചെയ്യുന്നു. ഈ പ്രശ്നം പരിഹരിക്കാൻ സർക്കാർ ഇടപെടണം. ദൃശ്യ-മാധ്യമ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ വിഭാഗം തൊഴിലാളികൾക്ക് ന്യായമായ വേതനം ഉറപ്പുവരുത്തണം. സൂര്യ ടി.വി.യിൽ ലേബർ വകുപ്പ് നടത്തിയ വെരിഫിക്കേഷന്റെ റിപ്പോർട്ട് ഇതുവരെയും വന്നിട്ടില്ല. .

ശ്രീ. കെ. കെ. ഷാജു: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മന്ത്രിമാരെ വിവാദങ്ങൾക്കതീതമായി പ്രവർത്തിക്കാൻ പാർട്ടിക്കാർ അനുവദിക്കുന്നില്ല. എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളെ നോക്കുകുത്തിയാക്കി പിൻവാതിൻ നിയമനങ്ങൾ നടത്തുന്നു. സർക്കാർ ജീവനക്കാർക്ക് ശമ്പളം നൽകുന്നതുപോലെ വിവിധ ക്ഷേമ പെൻഷനുകൾ എല്ലാ മാസവും 1-ാം തീയതിതന്നെ കൃത്യമായി വിതരണം ചെയ്യാൻ നടപടി ഉണ്ടാകണം.

സ്വകാര്യ കശുവണ്ടി മുതലാളിമാർ തൊഴിൽ നിയമങ്ങൾ പാലിക്കുന്നില്ല. കെ.എസ്.ആർ.ടി.സി. കൂടുതൽ ബസ്സുകൾ വാങ്ങണം. എം.എൽ.എ.മാർ അദ്ധ്യക്ഷന്മാരായ കമ്മിറ്റികൾ കൂടുന്നില്ല. കെ.എസ്.ആർ.ടി.സി.യുടെ കടബാദ്ധ്യത വളരെ വർദ്ധിച്ചിരിക്കുന്നു.

ശ്രീ. ആർ. സെൽവരാജ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സുതാര്യവും സമഗ്രവുമായ വികസന മുന്നേറ്റമാണ് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഈ ഗവൺമെന്റ് നടത്തിയിട്ടുള്ളത്. അഞ്ച് പ്രധാനപ്പെട്ട നിയമങ്ങൾ പാസ്സാക്കിയതും അസംഘടിത മേഖലയിലെ പത്ത് ലക്ഷം തൊഴിലാളികൾക്ക് സംരക്ഷണം, ജോലി സ്ഥിരത, കുടുംബ പെൻഷൻ, അവധി തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്ന ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് ആക്ട് പാസ്സാക്കിയതും ഈ ഗവൺമെന്റിന്റെ കാലത്താണ്. അടഞ്ഞുകിടക്കുന്ന തോട്ടം തൊഴിലാളികളുടെ ലയങ്ങൾ പുതുക്കാൻ 90 ലക്ഷം രൂപ അനുവദിച്ചു. പ്ളാന്റേഷൻ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചു. കശുവണ്ടിത്തൊഴിലാളി കളുടെ ശമ്പളം ജനുവരി ഒന്നുമുതൽ പുതുക്കി നിശ്ചയിക്കുകയും ക്ഷേമ പദ്ധതികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുകയും ചെയ്തു. ഒഴിഞ്ഞ തസ്തികകളിൽ ആയിരക്കണക്കിനാളുകളെ നിയമിച്ചുകൊണ്ട് എംപ്ളോയ്മെൻറ് എക്സ്ചേഞ്ചുകളെ ചെറുപ്പക്കാരുടെ ആശാകേന്ദ്രമാക്കി. ധനുവച്ചപുരം ഉൾപ്പെടെയുള്ള ഐ.ടി.ഐ.കളിൽ കാലഹരണപ്പെട്ട ട്രേഡുകൾക്കുപകരം പുതിയ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിച്ച് അവ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റി. ഇ. എസ്. ഐ. ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തി. എക്സൈസ് വകുപ്പിന്റെ പ്രവർത്തനം

കാര്യക്ഷമമാക്കി. എക്സൈസ് വകുപ്പിലെ അഴിമതി നിർമ്മാർജ്ജനം ചെയ്തു. അതിർത്തിവഴി വ്യാജമദ്യം കൊണ്ടുവരുന്നത് തടയാൻ ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി. അമരവിള ചെക്ക്പോസ്റ്റിൽ കൂടുതൽ എക്സൈസ് ഉദ്യോഗസ്ഥരെ നിയമിച്ചു. ഒരു സർക്കിൾ ഇൻസ്പെക്ടറെ സ്ഥിരമായി നിയമിച്ചു. പാറശ്ശാല നിയോജക മണ്ഡലത്തിൽ ഒരു എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കണം. അബ്കാരി നിയമത്തിൽ വരുത്തിയ കാലാനുസൃതമായ മാറ്റങ്ങൾ സംസ്ഥാനത്തിന് ഒട്ടേറെ നേട്ടങ്ങളുണ്ടാക്കി. തൊഴിൽ വകുപ്പിലും ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. യിൽ കഴിവുള്ള എം.ഡി.യെ നിയോഗിക്കുകയും പുതിയ ബസ്സുകൾ വാങ്ങാൻ തീരുമാനിക്കുകയും ചെയ്തത് ശ്ളാഘനീയമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബോഡി ബിൽഡിംഗ് സ്വകാര്യ വ്യക്തികളെ ഏല്പിച്ചതിലൂടെ കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ഈ ഗവൺമെന്റ് 87 കോടി രൂപ കെ.എസ്.ആർ.ടി.സി. ക്ക് വായ്പയായി നൽകി. ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുകയും നഷ്ടത്തിലോടിയവ ലാഭത്തിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തു. ഡിപ്പോ അടിസ്ഥാനത്തിൽ എം.എൽ.എ.യെ ചെയർമാനാക്കി കമ്മിറ്റി രൂപീകരിച്ച് നഷ്ടത്തിലോടുന്ന റൂട്ടുകൾ ജനങ്ങൾക്ക് പ്രയോജനകരമാകുന്ന രൂപത്തിൽ പുനഃക്രമീകരിച്ച് ലാഭകരമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നത് സ്വാഗതാർഹമാണ്. പാറശ്ശാല ഡിപ്പോയിൽ കെ.എസ്.ആർ.ടി.സി. യുടെ ഉടമസ്ഥതയിലുള്ള എട്ടര ഏക്കർ സ്ഥലത്ത് കെട്ടിടമുൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങൾ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ഒരുക്കിക്കൊണ്ട്

വർക്ക്ഷോപ്പിന്റെ ഏതെങ്കിലും യൂണിറ്റ് ആരംഭിക്കുന്നതിനും സെൻട്രൽ വർക്ക് ഷോപ്പിലെ തിരക്ക് കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പി. ടി. എ. റഹീം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരള സർക്കാർ മുൻകൈയെടുത്ത് പ്രവാസികൾക്ക് ഒരു ക്ഷേമപദ്ധതി അടിയന്തിരമായി നടപ്പിലാക്കണം. ഒരാൾ വിദേശത്ത് പോകുമ്പോൾ 3000 രൂപ മുതൽ 5000 രൂപ വരെ എമിഗ്രേഷൻ ക്ലിയറൻസ് ഇനത്തിൽ വാങ്ങുന്നുണ്ട്. ഈയിനത്തിൽ 20,000 കോടി രൂപ കേന്ദ്ര ഗവൺമെന്റിൽ കെട്ടിക്കിടക്കുകയാണ്. സംസ്ഥാനത്തു നിന്നുള്ള കേന്ദ്ര മന്ത്രിമാർ ഗൾഫ് മലയാളികൾക്കനുകൂലമായ കാര്യങ്ങളൊന്നും ചെയ്യുന്നില്ല.

ശ്രീ. എ. എ. അസീസ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ആരോഗ്യകരമായ തൊഴിലാളി-തൊഴിലുടമ ബന്ധം നിലനിറുത്താനും സമാധാനപരമായ അന്തരീക്ഷം സൃഷ്ടിക്കാനും കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കഴിഞ്ഞിട്ടുണ്ട്. അടച്ചിട്ട ഫാക്ടറികളും തോട്ടങ്ങളും തുറപ്പിക്കുവാനും പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുവാനും സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശികകൾ കൊടുക്കാനും മിനിമം വേതനം യഥാസമയം പുതുക്കി നിശ്ചയിക്കാനും മിനിമം വേജസ് പട്ടികയിലുൾപ്പെട്ട മറ്റ് വിഭാഗം തൊഴിലാളികൾക്ക് മിനിമം വേജസ് ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് വേതനം പുതുക്കി നിശ്ചയിക്കാനും ഈ സർക്കാർ നടപടി സ്വീകരിച്ചു. സംസ്ഥാന അഡ്വൈസറി ബോർഡ് പുന:സംഘടിപ്പിച്ചുകൊണ്ട് ഇ.എസ്.ഐ. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും പ്രവർത്തനം കാര്യക്ഷമമാക്കണം. കശുവണ്ടി രംഗത്തെ അനധികൃത ഫാക്ടറികളുടെ

പ്രവർത്തനം പരിശോധിക്കാനും കുടിവറുപ്പ് നിരോധിക്കുവാനും നിയമനിഷേധം തടയുവാനും കഴിയണം. പ്രതിവർഷം 216 കോടി രൂപ പെൻഷൻ ഇനത്തിൽ കൊടുത്തുകൊണ്ട് കെ. എസ്. ആർ.ടി. സി.ക്ക് നിലനിൽക്കാൻ കഴിയുമോ എന്നതിനെക്കുറിച്ച് ആലോചിക്കണം. കെ. എസ്. ആർ. ടി. സി.യെ ശാസ്ത്രീയാടിസ്ഥാനത്തിൽ പുന:സംഘടിപ്പിക്കണം.

<u>ശ്രീ. കെ. കെ. ദിവാകരൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അഴിമതിരഹിതമായ ഒരു സ്ഥാപനമായി കെ. എസ്. ആർ. ടി. സി. യെ മാറ്റി ശരിയായ ഒരു ദിശാബോധത്തിലെത്തിക്കാനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. 107 കോടി രൂപയാണ് കെ. എസ്. ആർ. ടി. സി.ക്ക് ഈ ഗവൺമെന്റ് കൊടുത്തിട്ടുള്ളത്. കഴിഞ്ഞ യു. ഡി. എഫ്. സർക്കാർ അഞ്ച് വർഷം 1400 ഓളം ബസ്സുകളാണ് പുറത്തിറക്കിയതെങ്കിൽ ഓരോ വർഷവും 1000 ബസ്സുകൾ വീതം പുറത്തിറക്കാനാണ് ഈ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചേസിസ്സ് വാങ്ങിയതിലുണ്ടായ അഴിമതികളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തണം. മാൻഡേയ്സ് കുറച്ചുകൊണ്ട് കുറഞ്ഞ ചെലവിൽ ബസ് ബോഡി നിർമ്മിക്കാനും നിലവിലുള്ള വർക്കുഷോപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുമുള്ള തീരുമാനം സ്വാഗതാർഹമാണ്. പരിചയ സമ്പന്നരായ മെക്കാനിക്കൽ വിഭാഗം ജീവനക്കാരെ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച്‌വഴി നിയമിക്കണം. പുതിയ ബസ്സുകൾ ലാഭകരമായ റൂട്ടുകളിലിറക്കണം. വളരെ ചുരുങ്ങിയ കാലത്തിനിടയിൽ 6000 ഷെഡ്യൂളുകളാക്കി കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കണം. പുതിയ അന്തർദ്ദേശീയ സർവ്വീസുകൾ

ആരംഭിക്കാനും മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള അനധികൃത സർവ്വീസുകൾ നിറുത്തലാക്കാനും നടപടിയുണ്ടാകണം. അന്തർദ്ദേശീയ റൂട്ടുകൾ ആരംഭിക്കണം. അങ്കമാലിയിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ പുതിയ ഷോപ്പിംഗ് കോംപ്ളക്സ് ആരംഭിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. പാലക്കാട്, മലപ്പുറം ഡിപ്പോകൾ നവീകരിക്കണം. ബസ് സ്റ്റാന്റുകളുടെ ശോചനീയ സ്ഥിതി പരിഹരിക്കണം. ടിക്കറ്റ് ചെക്കിംഗും ബസ്സുകളുടെ മെയിന്റനൻസും കാര്യക്ഷമമാക്കണം. ടിക്കറ്റ് മെഷീൻ ഓപ്പൺ ടെണ്ടർ മുഖേന വാങ്ങാൻ നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി.യിൽ ആവശ്യമായ ഭരണമാറ്റം വരുത്തണം. റീജിയണലൈസേഷനും സോണലൈസേഷനും പ്രാവർത്തികമാക്കണം. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം നടപ്പാക്കുകയും ഡി.എ. കുടിശ്ശിക നൽകുകയും ചെയ്യണം. പ്രീ സ്റ്റഡി നടത്തി പുതിയ ബസ്സുകൾ വാങ്ങാൻ നടപടി സ്വീകരിക്കണം. ആനുവൽ മെയിന്റനൻസും ഗ്ലോബൽ പൊസിഷൻ സിസ്റ്റവും നടപ്പാക്കണം. കെ.എസ്.ആർ.ടി.സി.യിൽ വാഹനങ്ങൾ വാങ്ങിയത് സംബന്ധിച്ച അഴിമതിയെക്കുറിച്ച് അന്വേഷിക്കണം. ഇന്റർ സ്റ്റേറ്റ് പെർമിറ്റുള്ള വാഹനങ്ങൾക്ക് എൻട്രി ടാക്സ് ഏർപ്പെടുത്തുന്ന നടപടി അശാസ്ത്രീയമാണ്. സ്വകാര്യ മോട്ടോർ തൊഴിലാളികൾക്ക് മിനിമം വേജസ് നടപ്പാക്കണം. മോട്ടോർ തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തണം. മോട്ടോർത്തൊഴിലാളി ക്ഷേമനിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ആർ.ടി. ഓഫീസുകളിലെ യൂസേഴ്സ് ഫീസ് പിൻവലിക്കുകയോ ഇളവുവരുത്തുകയോ ചെയ്യുന്നതോടൊപ്പം ഏജന്റുമാരുടെ ഇടപെടലും അവസാനിപ്പിക്കണം. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കാൻ ശക്തമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. വർക്കല കഹാർ</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. തൊഴിൽ വകുപ്പിന്റെയും എക്സൈസ് വകുപ്പിന്റെയും പ്രവർത്തനം കാര്യക്ഷമമാക്കണം. അനധികൃത കള്ള്ഷാപ്പുകളുടെ ലൈസൻസ് നിരോധിക്കണം. കശുവണ്ടി - കയർ മേഖലയിലെ തൊഴിലാളികൾക്ക് മിനിമം കൂലി നടപ്പാക്കണം. എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുമുഖേന നിയമാനുസൃത നിയമനങ്ങൾ നടത്തണം. തോട്ടം മേഖലയിൽ അനുവദിച്ച കേന്ദ്ര ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തണം. കേന്ദ്ര തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കണം. ചുമട്ടു തൊഴിലാളി മേഖലയിലെ കയറ്റിറക്ക് ഭേദഗതി നിയമം സംബന്ധിച്ച് തുടർ നടപടിയുണ്ടാകണം. ക്ഷേമനിധികളുടെ പ്രവർത്തനത്തിന് അർഹമായ തുക അനുവദിക്കണം.

<u>ശ്രീ. സി.എം. ദിനേശ് മണി</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രാഗൽഭ്യം നിറഞ്ഞതും അഴിമതിരഹിതവും ശ്ളാഘനീയവുമായ ഭരണമാണ് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഗതാഗത വകുപ്പിൽ നടന്നത്. കെ.എസ്.ആർ.ടി.സി.-യെ ആധുനികവൽക്കരിക്കാനും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കേന്ദ്രങ്ങളിലുള്ള ബസ് സ്റ്റാന്റുകൾ പുനർനിർമ്മിക്കാനും നടപടി സ്വീകരിക്കണം. ആധുനിക രീതിയിലുള്ള ഗതാഗത സൗകര്യങ്ങളെക്കുറിച്ച് ആലോചിക്കണം. ചിക്കുൻഗുനിയ പോലുള്ള രോഗങ്ങൾ പരത്തുന്ന കൊതുകുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്ളാന്റേഷനുകളിലുള്ള തൊഴിലാളികളുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തണം. സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിലവസരങ്ങൾകൂടി തൊഴിലന്വേഷകർക്ക് ലഭിക്കാൻ കഴിയുന്ന രീതിയിൽ ജില്ലാ കേന്ദ്രങ്ങളിൽ എംപ്ലോയ്മെന്റ് ഗൈഡൻസ് സെന്ററുകൾ ആരംഭിക്കണം. ക്ഷേമനിധി ആനുകൂല്യങ്ങൾ അർഹതപ്പെട്ട

തൊഴിലാളികൾക്ക് മാത്രം ലഭ്യമാക്കാനും അത് ഉറപ്പു വരുത്താനും നടപടി സ്വീകരിക്കണം.

ശ്രീമതി ഇ.എസ്. ബിജിമോൾ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തൊഴിൽ വകുപ്പ് മാനേജ്മെന്റുകളെ ചർച്ചയ്ക്ക് വിളിച്ചാൽ ഒരു ഉദ്യോഗസ്ഥനെ പറഞ്ഞയയ്ക്കുന്ന മുൻകാലങ്ങളിലെ രീതിയിൽ നിന്ന് വ്യത്യസ്തമായി മാനേജ്മെന്റുകൾ ഉത്തരവാദിത്വത്തോടുകൂടി നേരിട്ട് ചർച്ചയ്ക്ക് വരുന്ന സാഹചര്യമാണ് ഇന്നുള്ളത്. പീരുമേട് എം.എം.ജെ. പ്ളാന്റേഷൻ, വാഗമൺ, കോലാഹലമേട് എന്നിവിടങ്ങളിലുള്ള തോട്ടങ്ങൾ തുറക്കുന്നതിന് ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം നടപടികൾ സ്വീകരിച്ചു. കേന്ദ്രത്തിൽ നിന്ന് സ്പെഷ്യൽ പർപ്പസ് ടീ ഫണ്ട് കിട്ടുന്നതിനായി നടപടി സ്വീകരിച്ചതോടൊപ്പം മിനിമം ഡിമാൻഡ് ചാർജ്ജുമായി ബന്ധപ്പെട്ട് എടുക്കേണ്ട നയപരമായ തീരുമാനങ്ങൾ എടുത്തുകൊണ്ട് സ്റ്റേറ്റ് ഗവണ്മെന്റിന് നൽകാൻ കഴിയുന്ന മുഴുവൻ ആനുകൂല്യങ്ങളും നൽകുന്നതിനും കേന്ദ്രഗവണ്മെന്റിന്റെ സഹായം ഉറപ്പു വരുത്തുന്നതിനും ഈ ഗവണ്മെന്റിന് സാധിച്ചു. തോട്ടം തൊഴിലാളികളുടെ ലയങ്ങൾ റിപ്പയർ ചെയ്യുന്നതിന് ഒരു കോടിയിലധികം രൂപയും അവർക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 2,98,00,000 രൂപയും ചെലവാക്കി. റിലീഫ് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നിർദ്ദേശം കൊടുക്കണം. മാനേജ്മെന്റ് മേഖലയിൽ ജനറൽ നഴ്സിംഗിനും മറ്റ് ട്രേഡുകൾക്കും 25,000 രൂപയും എൻജിനീയറിംഗ്, എം.ബി.ബി.എസ് കോഴ്സുകളിൽ പഠിക്കുന്നവർക്ക് 40,000 രൂപയുമായി വിദ്യാഭ്യാസ ധനസഹായം വർദ്ധിപ്പിക്കണം. കാലാവധി

പുതുക്കി നൽകാത്ത ഏറ്റെടുക്കപ്പെട്ട തോട്ടങ്ങളിൽ തൊഴിൽരഹിതരാകുന്ന തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിന് നടപടി സ്വീകരിക്കണം. കേന്ദ്രഗവണ്മെന്റിൽ നിന്ന് ലഭിക്കുന്ന ഫണ്ട് തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തണം. വിവിധ ബാങ്കുകളിൽ നിന്നായി മാനേജ്മെന്റുകൾ എടുക്കുന്ന ലോൺ അടയ്ക്കുന്നതിനായി തിരിച്ചടവ് കാലാവധി നീട്ടിക്കൊടുക്കാൻ നടപടി സ്വീകരിക്കണം. തൊഴിൽ മേഖലയിൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം. കയർത്തൊഴിലാളികൾക്ക് മിനിമം വേജസ് നടപ്പിലാക്കണം. ലേബർ എൻഫോഴ്സ്മെന്റ് വിഭാഗത്തെ കൂടുതൽ ശക്തിപ്പെടുത്തി തൊഴിലാളികളുടെ ആനുകൂല്യങ്ങൾ കവർന്നെടുക്കുന്ന മാനേജ്മെന്റുകളെ നിലയ്ക്കു നിർത്തണം. പീരുമേട് മണ്ഡലത്തിലെ ജനകീയ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതോടൊപ്പം സ്വകാര്യ ബസ് മുതലാളിമാർക്കനുകൂലമായി പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥരെ നിയന്ത്രിക്കണം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മുൻ ഗവണ്മെന്റിന്റെ കാലത്ത് കള്ളുഷാപ്പുകൾ പൂട്ടിയതിന്റെ ഫലമായി തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി കള്ളുഷാപ്പുകൾ പുന:സ്ഥാപിക്കുന്ന ഈ ഗവണ്മെന്റിന്റെ നടപടിയെ വിമർശിക്കാൻ പ്രതിപക്ഷത്തിന് അവകാശമില്ല. തൊഴിൽ, ഗതാഗതം എന്നീ വകുപ്പുകളിൽ ആക്ഷേപരഹിതമായ പ്രവർത്തനം നടത്തുക എന്ന കാഴ്ചപ്പാടുള്ള ഒരു ഗവണ്മെന്റാണിത്. തൊഴിലാളി ക്ഷേമനിധി തുക മിനിമം പത്ത് ശതമാനമെങ്കിലും പലിശ കിട്ടുന്ന രീതിയിൽ നിക്ഷേപിക്കണം. എസ്റ്റാബ്ളിഷ്മെന്റ് ചാർജ്ജ് കുറയ്ക്കുന്നതിനായി സമാന സ്വഭാവമുള്ള

ക്ഷേമനിധികളെ സംയോജിപ്പിക്കാൻ നടപടി സ്വീകരിക്കണം. കയർ, നെയ്ത്ത് തുടങ്ങിയ മേഖലകളിലെ തൊഴിലുടമകളിൽ നിന്ന് അംശദായം പിരിക്കാനുള്ള നിയമനടപടി സ്വീകരിക്കണം. നൂറു ദിവസമെങ്കിലും തൊഴിൽ ലഭിക്കത്തക്ക നിലയിൽ തൊഴിലുറപ്പു പദ്ധതി വ്യാപകമാക്കണം. അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള കരാറുകാരിൽ നിന്ന് അംശദായം പിരിച്ചെടുക്കണം. പരമ്പരാഗത-അസംഘടിത പ്ളാന്റേഷൻ മേഖലകളെ സംരക്ഷിക്കുന്ന കാഴ്ചപ്പാട് ഉണ്ടാകണം. ശാസ്ത്ര സാങ്കേതികവിദ്യയുടെ വളർച്ച പരമ്പരാഗത തൊഴിൽമേഖലയുടെ തകർച്ചയ്ക്ക് കാരണമായിട്ടുണ്ട്. വിലകുറച്ച് സാധനങ്ങൾ വിൽക്കണമെങ്കിൽ ഉല്പാദനക്ഷമത കൂട്ടണം. ആധുനിക വ്യവസായ ശാലകൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വാങ്ങുന്ന തിനുള്ള ക്രയശേഷി ഇല്ലാതായിരിക്കുന്നു. തൊഴിലാളികൾ പൊരുതി നേടിയ അവകാശങ്ങളും ആനുകൂല്യങ്ങളും ജോലി സ്ഥിരതയും ഇല്ലാതാകുക യാണ്. യന്ത്രങ്ങളുടെയും സാങ്കേതിക വിദ്യയുടെയും ആവിർഭാവത്തോടു കൂടി തൊഴിലാളികളുടെ വൈദഗ്ദ്ധ്യത്തിനും ബുദ്ധിശക്തിക്കുമൊന്നും യാതൊരു വിലയുമില്ലാതായിരിക്കുന്നു. സാങ്കേതികവിദ്യയുടെ ഫലമായു ണ്ടാകുന്ന നേട്ടത്തിന്റെ വിഹിതം നേടിയെടുക്കുന്നതിന് തൊഴിലാളി സംഘ ടനകൾ തയ്യാറാകണം. സ്പെഷ്യൽ ഇക്കണോമിക് സോണുകൾ വരുന്നതോ ടുകൂടിയുണ്ടാകാവുന്ന പ്രശ്നങ്ങൾക്ക് എങ്ങനെ പരിഹാരം കാണാമെ ന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. പരമ്പരാഗത അസംഘടിത മേഖലകളിലെ തൊഴിലാളികളെ സമുദ്ധരിക്കുന്നതിനുള്ള കർമ്മ പരിപാടി കൾ ആവിഷ്ക്കരിക്കണം.

ശ്രീ. കെ.സി. വേണുഗോപാൽ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. 2002-03-ൽ യു.ഡി.എഫ്. ഗവൺമെന്റ് ഘട്ടംഘട്ടമായി നിർത്തലാക്കിയ കള്ളുഷാപ്പുകൾക്കുപകരം വ്യാപകമായി പുതിയ ഷാപ്പുകൾ അനുവദിക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലെല്ലാം കള്ളുഷാപ്പുകളുടെ മറവിൽ പുതിയ ഷാപ്പുകൾ അനുവദിക്കുകയും അവിടെ വ്യാപകമായി ചാരായം വിൽക്കുകയുമാണ് ചെയ്യുന്നത്. ഇത് പരിശോധിക്കാനുള്ള യാതൊരു സംവിധാനവുമില്ല. അതിന്റെ ഫലമായി ചാരായനിരോധനം ഫലത്തിൽ ഇല്ലാതായിരിക്കുന്നു. വ്യാജ മദ്യവും വ്യാജ സ്പിരിറ്റും പിടിച്ചാൽ കേസ് രജിസ്റ്റർ ചെയ്യുന്നില്ല. വ്യാജ മദ്യത്തെ പ്രോത്സാഹിപ്പിക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ എക്സൈസ് പോളിസി മാറ്റുന്നതിന് തയ്യാറായില്ലെങ്കിൽ കേരളം വീണ്ടുമൊരു മദ്യവിപത്തിന്റെ കേന്ദ്രമാകും. പുതുതായി അനുവദിച്ച കള്ളുഷാപ്പുകൾ പരിശോധനാവിധേയമാക്കണം. ഈ ഗവൺമെന്റിന്റെ 14 മാസക്കാലത്തെ മാനേജുമെന്റിന്റെ ഫലമായി കെ.എസ്.ആർ.ടി.സി.യിൽ 18 കോടി രൂപയുടെ നഷ്ടമുണ്ടായിരിക്കുന്നു. ലാഭം മാത്രംനോക്കി ബസ്സുകൾ ക്യാൻസൽ ചെയ്യുകയും ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുകയും ചെയ്ത് കെ.എസ്.ആർ.ടി.സി.യെ നഷ്ടത്തിലേയ്ക്ക് കൊണ്ടുപോകുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ആലപ്പുഴയിലെ വാട്ടർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ മാസങ്ങളായി ഒഴിഞ്ഞുകിടക്കുന്ന തസ്തികയിൽ ഡയറക്ടറെ നിയമിക്കുന്നതിനോ അവിടത്തെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനോ ഗവൺമെന്റ് തയ്യാറായിട്ടില്ല.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നത് എല്ലാവിഭാഗം തൊഴിലാളികളും തൊഴിലാളി സംഘടനകളും പൊതുവെ സ്വാഗതം ചെയ്തിട്ടുണ്ട്. ഈ വർഷം ഏപ്രിൽ 27, 28 തീയതികളിൽ കൂടിയ ഇന്ത്യൻ ലേബർ കോൺഫറൻസിന്റെ 41-ാം സെഷനിൽ രാജ്യത്ത് നിലനിൽക്കുന്ന എല്ലാ തൊഴിൽ നിയമങ്ങളും ഭേദഗതി ചെയ്യണമെന്നാണ് മുതലാളിമാരുടെ സംഘടനാപ്രതിനിധികൾ ഉന്നയിച്ചത്. തൊഴിലാളികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന അവകാശങ്ങൾ കവർന്നെടുക്കാനുള്ള ഭേദഗതികളെ സംബന്ധിച്ചുള്ള ആ ചർച്ചയിൽ കേരളം, പശ്ചിമബംഗാൾ, ത്രിപുര തുടങ്ങിയ സംസ്ഥാനങ്ങൾ വളരെ നിർണ്ണായകമായ പങ്കാണ് വഹിച്ചിട്ടുള്ളത്. 2006 ഡിസംബറിൽ ചേർന്ന ഇൻഡ്യൻ ലേബർ കോൺഫറൻസിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ഐ.എൻ.ടി.യു.സി അടക്കം കേരള ഗവൺമെന്റിന്റെ നിലപാടിനെ പിന്തുണയ്ക്കുകയാണുണ്ടായത്. കേരളമെടുത്ത ആ നിലപാടിന്റെ അടിസ്ഥാനത്തിൽ ഇൻഡ്യൻ ലേബർ കോൺഫറൻസിന്റെ അജണ്ട നിശ്ചയിച്ചപ്പോൾ അതിലെ ആദ്യത്തെ ഇനമായി strengthening of labour laws and its effective implementation to prevent violation എന്ന ഇനം അംഗീകരിക്കാൻ കേന്ദ്ര ഗവൺമെന്റ് സന്നദ്ധമായി. പക്ഷേ കേന്ദ്ര ഗവൺമെന്റ് അയച്ചുതന്ന നോട്ടിൽ അജണ്ടയുടെ പേര് ഇതാണെങ്കിലും തൊഴിലുടമകൾക്ക് അനുകൂലമായ കുറേയധികം കാര്യങ്ങളുണ്ടായിരുന്നു. എന്നാൽ അതെല്ലാം തന്നെ ഈ വർഷം ഏപ്രിൽ മാസം ചേർന്ന സമ്മേളനത്തിൽ ചർച്ച ചെയ്യുകയും മുതലാളിമാരുടെ വാദഗതികൾ നിരാകരിക്കുകയുമാണുണ്ടായത് ഐ.എൻ.ടി.യു.സി. അടക്കമുള്ള

തൊഴിലാളി സംഘടനകൾ ഇൻഡ്യയിലെ തൊഴിലാളികൾക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചപ്പോൾ കേന്ദ്ര ഗവൺമെന്റ് മുതലാളിമാരുടെ താൽപ്പര്യ ങ്ങൾക്ക് സഹായകരമായ നിലപാടാണ് സ്വീകരിക്കുന്നത്. അതിൽ പ്രധാന പ്പെട്ട ഒരു കാര്യം ബോണസ് ആക്ട് ഭേദഗതി ചെയ്യണമെന്ന് ആ യോഗം ഏകകണ്ഠമായി തീരുമാനിച്ചെങ്കിലും പിന്നീട് തൊഴിലുടമകളുടെ സമ്മർദ്ദ ത്തിന് വിധേയമായി ബോണസ് ആക്ടിലെ ഭേദഗതി നടപ്പിലാക്കാൻ ഇൻഡ്യാ ഗവൺമെന്റ് സന്നദ്ധമായില്ല. കേരള ഗവൺമെന്റിനെ പ്രതിനിധീകരിച്ച് രാജ്യത്ത് നിലവിലുള്ള എല്ലാ തൊഴിൽ നിയമങ്ങളും കേരളത്തിൽ നടപ്പിലാ ക്കുക, സ്പെഷ്യൽ ഇക്കണോമിക് സോണുകളിലും ഐ.ടി, ഐ.ടി enabled സർവ്വീസുകളിലും ഈ നിയമങ്ങൾ നടപ്പിലാക്കുക എന്നീ രണ്ട് കാര്യങ്ങൾ അവിടെ ചൂണ്ടിക്കാണിച്ചു. ഈ നിയമങ്ങൾ അവിടെ ബാധകമാക്കണമെന്ന ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ നിലപാടിനോട് യോജിക്കുന്നില്ല എന്നുള്ള കാര്യവും വ്യക്തമാക്കുകയുണ്ടായി. ഈ രാജ്യത്ത് നിലവിലുള്ള എല്ലാ തൊഴിൽ നിയമങ്ങളും സംരക്ഷിച്ചുകൊണ്ട് ക്വാളിറ്റി പ്രൊഡക്ഷൻ പരമാവധി നടത്തുകയെന്നുള്ളതാണ് ഉദ്ദേശം. അതുപോലെ തന്നെ better productivity യും ഉണ്ടാകണം. ഈ മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിലാണ് കേരള ഗവൺമെന്റിന്റെ തൊഴിൽ നയം പ്രഖ്യാപിച്ചിട്ടുള്ളത്. കേരളത്തിൽ നിരവധി തൊഴിൽ പ്രശ്നങ്ങൾ തൊഴിലാളി പ്രതിനിധികളും മുതലാളി പ്രതിനിധികളും ഒരുമിച്ചിരുന്ന് ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കാൻ ഈ ഒരു വർഷക്കാലത്തിനിടയിൽ പരിശ്രമിച്ചിട്ടുണ്ട്. എല്ലാ മേഖലകളിലും മിനിമം വേജസ് നടപ്പിലാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ചില മേഖലകളിൽ മിനിമം വേജസ് നിലവിലുള്ളത് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതും

പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും.. കഴിഞ്ഞ സമ്മേളനത്തിൽ പാസ്സാക്കിയ ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് വർക്കേഴ്സ് വെൽഫയർ ഫണ്ട് നിയമം നമ്മുടെ രാജ്യത്തിന്റെയാകെ ശ്രദ്ധ പിടിച്ചുപറ്റിയ ഒന്നാണ്. അത് ഇവിടെ നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ട്. ചെറുകിട തോട്ടം തൊഴിലാളികൾക്ക് വേണ്ടിയും ഒരു നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുകയാണ്. അക്കാര്യം കാബിനറ്റ് അംഗീകരിച്ചിട്ടുണ്ട്. ആഭരണത്തൊഴിലാളികൾക്കുവേണ്ടിയുള്ള ക്ഷേമനിധി നിയമത്തെക്കുറിച്ച് ചർച്ചചെയ്തുകൊണ്ടിരിക്കുകയാണ്. നിലവിലുള്ള ഇൻസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിന്റെ പരിധിയിൽ നിന്നുകൊണ്ട് എല്ലാപേർക്കും സ്വീകാര്യമായിട്ടുള്ള ട്രേഡ് യൂണിയൻ റെക്കഗ്നിഷൻ ബിൽ കൊണ്ടുവരാനും അത് പാസ്സാക്കാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അവശ്യം വേണ്ട നിയമ ഭേദഗതികൾ കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. 1967-ലെ അൺ രജിസ്റ്റേർഡ് കാഷ്വൽ ഫാക്ടറീസ് പ്രൊഹിബിഷൻ അമെന്റ്മെന്റ് നിയമത്തിലെ അപാകതകൾ പരിശോധിച്ച് ഈ വർഷംതന്നെ ഒരു പുതിയ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുകയാണ്. 2002-ൽ പാസ്സാക്കിയ ചുമട്ടു തൊഴിലാളി നിയമത്തിലെ അഞ്ചാം വകുപ്പ് തൊഴിലാളി വിരുദ്ധമാണ്. അത് തൊഴിലാളികളുടെ ജോലി സ്ഥിരതയ്ക്ക് ആപത്കരമാണ്. തൊഴിൽ പ്രശ്നങ്ങളിൽ പോലീസിന് തൊഴിലാളികൾക്കെതിരെ സുവോമോട്ടോ കേസ്സെടുക്കാനുള്ള അവകാശവും അതിൽ പറയുന്നുണ്ട്. ഇതൊന്നും കേരളത്തിൽ നടപ്പിലാക്കാൻ കഴിയാത്തതുകൊണ്ട് ആ നിയമത്തിനു പകരം

1978-ലെ നിയമത്തിന്റെ വ്യവസ്ഥകൾ കൂടി കൂട്ടിചേർത്ത് നിലവിലുള്ള നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥകൾ ആവശ്യമെങ്കിൽ അതുകൂടി ഉൾപ്പെടുത്തി ഒരു പുതിയ നിയമം കൊണ്ടുവരാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. കേരളത്തിലെ പ്രവാസികൾക്കുവേണ്ടി ഒരു ക്ഷേമനിധി നിയമം എത്രയും വേഗം നിയമസഭയിൽ അവതരിപ്പിക്കുന്നതാണ്. ഏറ്റവും പിന്നോക്കംനിൽക്കുന്ന തൊഴിലാളി വിഭാഗങ്ങൾക്കുവേണ്ടിയും ചില നടപടികൾക്ക് ലക്ഷ്യമിട്ടിട്ടുണ്ട്. പ്ളാൻ ഫണ്ടിൽ സോഷ്യൽ സെക്യൂരിറ്റി പദ്ധതികൾക്കുവേണ്ടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്ക് ആറ് കോടി രൂപ നീക്കിവച്ചിട്ടുണ്ട്. കേരളത്തിൽ ബീഡി വ്യവസായം വളരെ പ്രതിസന്ധിയിലാണ്. ഇപ്പോൾ ബീഡി സിഗാർ ക്ഷേമനിധി ബോർഡിന്. കേന്ദ്ര ബോർഡും സംസ്ഥാന ബോർഡുമുണ്ട്. കേന്ദ്ര ബോർഡ് തൊഴിലാളികൾക്കുവേണ്ടി Integrated housing scheme 2007 for Beedi workers എന്നൊരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.. അതിന് 5,000 രൂപ തൊഴിലാളികൾ അടയ്ക്കണം. 2118 പേർക്ക് 5,000 രൂപ വീതം ഗവൺമെന്റ് കൊടുക്കാൻ തീരുമാനിച്ചു ഏറ്റവും പിന്നോക്കംനിൽക്കുന്ന കൈത്തറി, ആർട്ടിസാൻ വിഭാഗം, കർഷകത്തൊഴിലാളികൾ എന്നിവർക്ക് മരണാനന്തര സഹായം, പ്രസവകാല സഹായം, ചികിത്സാധനസഹായം ഇത്യാദി കാര്യങ്ങൾക്കുവേണ്ടി 95 ലക്ഷത്തിലധികം രൂപ സോഷ്യൽ സെക്യൂരിറ്റി സ്കീമിൽ മാറ്റിവയ്ക്കുകയാണ്. ചുരുട്ടു തൊഴിലാളികളുടെ കുടിശ്ശിക മുഴുവൻ കൊടുത്തുതീർക്കാൻവേണ്ടി 43,500 രൂപ മാറ്റിവച്ചിട്ടുണ്ട്. നാഷണൽ ചൈൽഡ് ലേബർ സ്കീമിൽ വോളന്ററി വർക്കേഴ്സിനെ

നിശ്ചയിച്ച് ഒൻപത് ജില്ലകളിൽ നടപ്പിലാക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. അഞ്ച് ജില്ലകളിൽക്കൂടി സർവ്വേ നടത്തി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളെ ലഭ്യമാക്കുന്നതിനുവേണ്ടി ഒരു മാസത്തിനുമുൻപ് സംഘടിപ്പിച്ച ജോബ് ഫെയറിൽ പങ്കെടുത്ത ഐ.ടി.ഐ., ഐ.ടി.സി. എന്നിവിടങ്ങളിൽ നിന്നും പാസ്സായ 1632 പേരിൽ 1124 പേർക്കും തൊഴിൽ കൊടുക്കാൻ കഴിഞ്ഞു ഇപ്പോൾ 13 ഐ.ടി.ഐ.-കൾ സെന്റർ ഓഫ് എക്സലൻസായി ഉയർത്തണമെന്ന ആവശ്യം കേന്ദ്ര ഗവൺമെന്റിന്റെ മുൻപിൽ സമർപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം മൂന്ന് ഐ.ടി.ഐ.-കൾ സെന്റർ ഓഫ് എക്സലൻസാക്കി. ട്രെയിനിംഗ് കഴിഞ്ഞ് വരുന്ന കുട്ടികൾക്ക് അഡീഷണൽ സ്കിൽ ട്രെയിനിംഗ് കൊടുക്കുന്നതിനുവേണ്ടിയുള്ള ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിനുവേണ്ടി രണ്ട് കോടി രൂപ പ്ളാൻ ഫണ്ടിൽ മാറ്റിവച്ചിട്ടുണ്ട്. പരമ്പരാഗത തൊഴിൽ വ്യവസായങ്ങളായ കരകൗശലം, കൈത്തൊഴിൽ, കൈത്തറി തുടങ്ങിയവ വികസിപ്പിക്കുന്നതിന് ഡിസൈൻ സെന്റർ സ്ഥാപിക്കാൻ ഒരു കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. തൊഴിൽ അന്വേഷകർക്ക് എത്രയും പെട്ടെന്ന് തൊഴിൽ ലഭ്യമാക്കുന്നതിനുവേണ്ടി ജോബ് ക്ളബുകൾ തുടങ്ങാൻ ഒരു കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. പി.എസ്.സി വഴിയുള്ള നിയമനങ്ങൾക്ക് കാലതാമസം വരുന്നതുകൊണ്ട് താൽക്കാലിക നിയമനങ്ങൾ എംപ്ളോയ്മെന്റ് എക്ചേഞ്ചുവഴി നടത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെ താൽക്കാലിക നിയമനങ്ങളും എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുവഴി നടത്തുന്നുണ്ട്. തോട്ടം

തൊഴിലാളികളുടെ കൂലി അഞ്ച് വർഷമായി ഫ്രീസ് ചെയ്തിരിക്കുകയായിരുന്നു. എന്നാൽ യു.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ നിന്നും പോകുന്നയവസരത്തിൽ അവർക്ക് മിനിമം വേജസ് പ്രഖ്യാപിച്ചുവെങ്കിലും ഏകപക്ഷീയമായ രീതിയിലായതിനാൽ അത് ഹൈക്കോടതി സ്റ്റേ ചെയ്തു. ഹൈക്കോടതിയുടെ സ്റ്റേ നിലനിൽക്കെത്തന്നെ തേയിലത്തോട്ടങ്ങളിലേയും റബ്ബർ തോട്ടങ്ങളിലേയും കാപ്പി തോട്ടങ്ങളിലേയും തൊഴിലാളികൾക്ക് മിനിമം വേജസ് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചു. ബാങ്ക് ലോണിന്റെ കാര്യത്തിൽ അഞ്ച് വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചു. ഇ.പി.എഫ് 60 ഗഡുക്കളായി അടച്ചുതീർക്കുന്നതിനും ടീ ബോർഡിൽ നിന്നെടുത്ത കടം വേവ് ചെയ്യാനുമുള്ള തീരുമാനം കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് എടുപ്പിക്കാനും ഒരു പ്രത്യേക പാക്കേജ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കാനും സാധിച്ചു. വിഷ്വൽ മീഡിയ, ഫോട്ടോഗ്രാഫേഴ്സ് അടക്കം ഈ മേഖലയിൽ പണിയെടുക്കുന്ന എല്ലാ വിഭാഗം തൊഴിലാളികളേയും ക്ഷേമ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരാൻ നടപടികൾ സ്വീകരിച്ചുവരികയാണ്. നിലവിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രൈവറ്റ് ആശുപത്രികളിൽ പണിയെടുക്കുന്നവരേയും അൺ എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകരേയും അനദ്ധ്യാപകരേയും ഇ.എസ്.ഐ-യുടെ പരിധിയിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിച്ചു. കൊച്ചിൻ പോർട്ടിനെ തൊഴിൽ സംസ്ക്കാര കേന്ദ്രമാക്കി വളർത്താൻ നടപടികൾ സ്വീകരിച്ചു. കരിയിലക്കുളങ്ങര കേസ് പൂർത്തീകരിച്ച് കുറ്റം ചെയ്തവർക്ക് കടുത്ത ശിക്ഷ വാങ്ങിക്കൊടുക്കാൻ ഈ ഗവൺമെന്റിന്

സാധിച്ചിട്ടുണ്ട്. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ 12 ശതമാനം വരെ ആൽക്കഹോളുള്ള കള്ള് വിറ്റഴിക്കാമെന്ന വ്യവസ്ഥ എക്സൈസ് മാനുവലിൽ ഭേദഗതി വരുത്തി 8 ശതമാനമാക്കി. വ്യാജമദ്യം പരിശോധിക്കുന്നതിനും കണ്ടുപിടിക്കുന്നതിനും തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി എന്നീ കേന്ദ്രങ്ങളിൽ കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി സംവിധാനം ഏർപ്പെടുത്തി. പൊതുസ്ഥലങ്ങളിൽ മദ്യപിക്കുക, വ്യാജ സെക്യൂരിറ്റി സ്റ്റിക്കർ ഒട്ടിച്ച് മദ്യ വിൽപ്പന നടത്തുക തുടങ്ങിയവ തടയുന്നതിനായി 2006-ലെ കേരള അബ്കാരി (അമെന്റ്മെൻറ്) ബിൽ ഉടൻതന്നെ നിയമസഭയുടെ പരിഗണനയ്ക്ക് വരുന്നതാണ്. സ്പിരിറ്റ് കള്ളക്കടത്ത്, വ്യാജമദ്യ ഉൽപ്പാദനവും വിപണനവും തുടങ്ങിയവ തടയുന്നതിന് പോപ്പുലർ കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അനധികൃത മദ്യോൽപ്പാദനത്തിനും വിപണനത്തിനും കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ നടപടികളെടുക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ധനാഭ്യർത്ഥനകളുടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഇരുഭാഗത്തുമുള്ള ബഹുമാനപ്പെട്ട അംഗങ്ങൾ നൽകിയ നിർദ്ദേശങ്ങൾക്കും വിമർശനങ്ങൾക്കും നന്ദി രേഖപ്പെടുത്തുകയാണ്. ഗസറ്റ് വിജ്ഞാപനം പൊതുജനങ്ങൾക്ക് വെബ്സൈറ്റിൽ ലഭ്യമാക്കാനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. 15 ലക്ഷത്തോളം പാഠപുസ്തകങ്ങൾ ഈ വർഷം ഗവൺമെന്റ് പ്രസ്സുകളിൽ അച്ചടിച്ചു. എം.എൽ.എ./എം.പി.മാരുടെ വാഹന വായ്പ കാലാവധിക്കുള്ളിൽത്തന്നെ

അടച്ചുതീർക്കത്തക്ക രീതിയിൽ ഈടാക്കുന്നതിന് നിയമസഭാ സെക്രട്ടേറിയറ്റിൽത്തന്നെ ക്രമീകരണമേർപ്പെടുത്തിയിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള 61 ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണമേർപ്പെടുത്തി പ്രവർത്തനം മെച്ചപ്പെടുത്തി. യൂസേഴ്സ് ഫീ എത്രത്തോളം കുറച്ചുകൊണ്ടുവരാൻ സാധിക്കുമെന്നതിനെക്കുറിച്ച് അനുഭാവപൂർവ്വമായ നിലപാട് സ്വീകരിച്ചുവരികയാണ്. സ്പീഡ് ട്രേസർ, ലേസർ ബേസ്ഡ് സ്പീഡ് ഡിറ്റെക്റ്റിംഗ് റഡാർ, ബ്രീത്ത് അനലൈസർ എന്നിവയുടെ സഹായത്തോടെ പരിശോധനകൾ നടത്തുകയും വാഹനങ്ങളിൽ സ്പീഡ് ഗവർണർ ഘടിപ്പിക്കുകയും ചെയ്തതിലൂടെ അപകടങ്ങൾ ഒരുപരിധിവരെ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിലെ പ്രധാന വിവരങ്ങൾ വെബ്സൈറ്റിലൂടെ ലഭ്യമാകുന്നതുകൊണ്ട് ഇടനിലക്കാരുടെ ഇടപെടലുകൾ കുറയ്ക്കാൻ സാധിച്ചു. ആർ.ടി. ഓഫീസുകളെ സംബന്ധിച്ചുള്ള പരാധികൾ പരമാവധി കുറയ്ക്കാൻ ശ്രമങ്ങൾ നടക്കുന്നുണ്ട്. എല്ലാ താലൂക്കുകളിലും ആർ.ടി. ഓഫീസുകൾ തുടങ്ങാനുള്ള നടപടികൾ ധനകാര്യ വകുപ്പുമായി ആലോചിച്ച് സ്വീകരിക്കുന്നതാണ്. മോട്ടോർ വാഹന വകുപ്പിൽ റോഡ് സേഫ്റ്റി വിംഗ് ആരംഭിക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാവിഭാഗം ഡ്രൈവർമാർക്കും മെച്ചപ്പെട്ട പരിശീലനം ലഭ്യമാക്കുന്നതിന് ഡ്രൈവേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് കേന്ദ്ര സഹായത്തോടുകൂടി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. റോഡ് സേഫ്റ്റി അതോറിറ്റി ആക്റ്റിന്റെ ഭാഗമായി രൂപീകരിച്ച റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം മൂന്ന്

മാസത്തിനകം ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. വാട്ടർ ട്രാൻസ്പോർട്ട് വകുപ്പിൽ ഡയറക്ടർ ഇല്ലാത്തതിനാൽ മോട്ടോർ വാഹന വകുപ്പ് സീനിയർ ഡെപ്യൂട്ടി കമ്മീഷണർക്ക് അധികച്ചുമതല നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി..സി..യുടെ പൊതുപണം കെ.എസ്.ആർ.ടി..സി..ക്ക് തന്നെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടിക്കറ്റ് വരുമാനം ഗണ്യമായി വർദ്ധിച്ചു. പെൻഷൻ ആനുകൂല്യങ്ങൾക്കായി പ്രതിമാസം 19 കോടി രൂപയാണ് നൽകിവരുന്നത്. മറ്റൊരു സംസ്ഥാനത്തും . ആർ.ടി.സി. സ്വന്തമായി പെൻഷൻ നൽകുന്നില്ല. വരും വർഷങ്ങളിൽ പെൻഷൻ പറ്റുന്നവരുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവുണ്ടാവുക വഴി പെൻഷനും പെൻഷനാനുകൂല്യങ്ങൾക്കുമുള്ള തുക വർദ്ധിക്കും. എം.എ.സി.ടി. അവാർഡുകളിൽ 73 കോടി രൂപയാണ് കുടിശ്ശികയായുള്ളത്. നേരത്തെ മാറ്റിവച്ചിരിക്കുന്ന തുകയ്ക്കു പുറമേ 25 രൂപയ്ക്കു മുകളിലുള്ള ടിക്കറ്റുകൾക്ക് ഒരു രൂപ സെസ്സ് പിരിക്കുന്നതുകൂടി ഇത്തരത്തിലുള്ള കുടിശ്ശിക കൊടുക്കുന്നതിനുവേണ്ടി മാറ്റിവയ്ക്കുകയാണ് ചെയ്യുന്നത്. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ബസ്സുകളുടെ പഴക്കം, പ്രൊഫഷണൽ മാനേജ്മെന്റ്, പെൻഷൻ വിതരണം തുടങ്ങിയ കാര്യങ്ങളിൽ കെ.എസ്.ആർ.ടി.സി. പ്രശ്നാധിഷ്ഠിതമാണ് അതിനാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം കെ.എസ്.ആർ.ടി.സി..ക്ക് ബാധ്യതയുണ്ടാക്കുന്ന രീതിയിലുള്ള പ്രഖ്യാപനങ്ങൾ പരമാവധി കുറയ്ക്കുകയാണ്. കെ.എസ്.ആർ.ടി.സി..ക്ക് 87 കോടി രൂപ വായ്പയായി ഗവൺമെന്റ് കഴിഞ്ഞ വർഷം അനുവദിച്ചു കൊടുത്തു. ഷെഡ്യൂളുകൾ പുന:ക്രമീകരിക്കുന്നതിന് നയപരമായ തീരുമാനമെടുത്തതിന്റെ ഫലമായി വരുമാനം വർദ്ധിപ്പിക്കാൻ

സാധിച്ചിട്ടുണ്ട്. ആക്സിഡന്റ് മോണിറ്ററിംഗ് ആന്റ് കൺട്രോൾ സിസ്റ്റം നടപ്പാക്കിയതിന്റെ ഭാഗമായി ഡ്രൈവർമാർക്ക് പരിശീലനം നൽകിയതിലൂടെ ഇന്ധനക്ഷമത വർദ്ധിപ്പിക്കാൻ സാധിച്ചു. സ്ക്വാഡുകളെ രൂപീകരിച്ച് ടിക്കറ്റ് പരിശോധന കർശനമാക്കി. ആഡിറ്റ് വിഭാഗം ശക്തിപ്പെടുത്തി. വാണിജ്യസമുച്ചയങ്ങൾ നിർമ്മിക്കാൻ പുതിയ പ്രോജക്ടുകൾ നിശ്ചയിച്ചു. അങ്കമാലിയിൽ ഇത്തരത്തിലുള്ള ഒരു സമുച്ചയം മൂന്ന് വർഷത്തിനകം പൂർത്തിയാകും. കൊല്ലം-പുനലൂർ-ചെങ്കോട്ട-തെങ്കാശി റൂട്ടിൽ കൂടുതൽ സർവ്വീസുകൾ ആരംഭിച്ചു. കൃത്യമായ ടെക്നിക്കൽ സ്പെസിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ചേസിസ്സ് വാങ്ങിയതിലൂടെ കെ.എസ്.ആർ.ടി.സി.ക്ക് സാമ്പത്തിക ലാഭമുണ്ടായി. അഞ്ച് വർക്ക്ഷോപ്പുകളിൽ ബസ് ബോഡി ബിൽഡിംഗ് നടത്താനുള്ള തീരുമാനവും അതിനുള്ള ഷാസികളും എടുത്തു കഴിഞ്ഞു. ഇതിന് നാലേകാൽ ലക്ഷം രൂപയാണ് ചെലവ് വരുന്നത്. പ്രതിവർഷം ടയറിനും മറ്റുമുണ്ടായിരുന്ന ചെലവ് 4.5 കോടി രൂപയായി കുറയ്ക്കാൻ കഴിഞ്ഞു. ഡ്രൈവർമാർക്ക് ആവശ്യമായ പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഒരു ലിറ്റർ ഡീസൽകൊണ്ട് 5 കി.മീ. ദൂരം ബസ് ഓടിക്കാൻ കഴിവുള്ള ഡ്രൈവർമാർക്ക് 300 രൂപവച്ച് ഇൻസെന്റീവ് പ്രഖ്യാപിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഏഴ് ശതമാനം ഡി.എ. കൊടുക്കാൻ തീരുമാനിച്ചു. ബസ്സുകളുടെ എണ്ണം വർദ്ധിപ്പിച്ചും സർവ്വീസുകൾ വ്യാപിപ്പിച്ചും സർവ്വീസ് മേഖലകളിൽ കടന്നുചെല്ലാനും ഓരോ വർഷവും 1000 ബസ്സുകൾവീതം വാങ്ങി 6000 ബസുകളുള്ള ഒരു വലിയ കോർപ്പറേഷനാക്കി ഈ സ്ഥാപനത്തെ മാറ്റുന്നതുവഴി ഇപ്പോഴുള്ള കമ്മി കുറയ്ക്കാനും സാധിക്കും. എല്ലാ ബസ് സ്റ്റേഷനുകളിലും

ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനും സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷനും നടപ്പിലാക്കും. ബി.ഒ.ടി.അടിസ്ഥാനത്തിൽ വാണിജ്യ സമുച്ചയത്തിന് കെട്ടിടം പണിയുന്നതിന് കെ.ടി.ഡി.എഫ്.സി. യെ ചുമതലപ്പെടുത്തുന്നതാണ്. അതിനുവേണ്ടി ഒരു പൈലറ്റ് പ്രോജക്ട് ഉണ്ടാക്കി കഴിയുന്നത്ര സ്ഥലങ്ങളിൽ വാണിജ്യ സമുച്ചയങ്ങൾ പണിയുന്നതാണ്. കെ.എസ്.ആർ.ടി.സി.യിലെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അന്തർ സംസ്ഥാന സർവ്വീസുകൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി നിലവിലുള്ള കരാറുകൾ 2007 സെപ്റ്റംബർ 30-ന് മുമ്പ് പുതുക്കുന്നതിനുള്ള ചർച്ചകൾ ആരംഭിക്കുന്നതാണ്. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം എത്രയും വേഗം നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കുറഞ്ഞ വിലയ്ക്ക് ഓപ്പൺ ടെൻഡർ മുഖേന സ്പീഡ് ഗവർണറുകൾ വാങ്ങിയതുവഴി ഒന്നേമുക്കാൽ കോടി രൂപയുടെ ലാഭമുണ്ടാക്കാൻ കഴിഞ്ഞു. ഈ ഗവൺമെന്റ് മാനദണ്ഡങ്ങൾ ലംഘിച്ച് മോട്ടോർ വാഹന വകുപ്പിൽ സ്ഥലംമാറ്റം നടത്തിയിട്ടില്ല. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

എക്സൈസ് എന്ന VIII- ാം നമ്പർ ധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV- ാം നമ്പർ ധനാഭ്യർത്ഥനയും വാഹന നികുതികൾ എന്ന IX- ാം നമ്പർ നമ്പർ ധനാഭ്യർത്ഥനയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV- ാം നമ്പർ ധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI- ാം നമ്പർ ധനാഭ്യർത്ഥനയും

32-നെതിരെ 79 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.51-ന് പിരിഞ്ഞു.

***************